2023
NOVEMBER
04
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ഓഹരി വിപണിയിൽ മുന്നേറ്റം

**കൊച്ചി:** നിലവിലെ പലിശ നിരക്കു തുടരാൻ യുഎസ് കേന്ദ്ര ബാങ്കായ ഫെഡറൽ റിസർവ് തീരുമാനിച്ചതിനു പിന്നാലെ ചൈനയിലേത് ഒഴികെ ലോക വിപണികളിലെല്ലാം ഓഹരി വില സൂചികകൾക്കു വൻ മുന്നേറ്റം.

ഇന്ത്യൻ വിപണിയിൽ സെൻസെക്സ് 64,000 പോയിന്റിനു മുകളിലേക്കു തിരിച്ചു കയറിയപ്പോൾ നിഫ്റ്റി വീണ്ടും 19,000 പോയിന്റ് മറികടന്നു. നിക്ഷേപകർക്കു മൂന്നു ലക്ഷം കോടിയിലേറെ രൂപയുടെ ആസ്തി വർധന സമ്മാനിച്ച മുന്നേറ്റത്തിൽ എല്ലാ വ്യവസായ വിഭാഗങ്ങളിൽപ്പെട്ട കമ്പനികളുടെയും വിപണി മൂല്യത്തിൽ ഉയർച്ച രേഖപ്പെടുത്തി.

സെൻസെക്സ് 64,080.90 പോയിന്റിലേക്കാണ് ഉയർന്നത്; നിഫ്റ്റി 19,133.25പോയിന്റിലേക്കും. ഇസ്രയേൽ ഹമാസ് സംഘർഷം രൂക്ഷമാകുന്നതായുള്ള റിപ്പോർട്ടുകളും ലാഭമെടുപ്പിലെ വർധനയും വിപണിയുടെ മുന്നേറ്റത്തെ ബാധിച്ചിട്ടു കൂടി വില സൂചികകൾക്കു നേട്ടമുണ്ടാക്കാൻ കഴിഞ്ഞെന്നതാണു ശ്രദ്ധേയം.

ഭാരതി എയർടെൽ, വോഡഫോൺ ഐഡിയ, ടാറ്റ സ്റ്റീൽ, ഇൻഫോസിസ്, എൻടിപിസി, സൺ ഫാർമ തുടങ്ങിയ കമ്പനികളുടെ ഓഹരികളാണു മുന്നേറ്റത്തിനു നേതൃത്വം നൽകിയത്. സോൾ,! ടോക്കിയോ, ഹോങ്കോങ്, സിംഗപ്പൂർ തുടങ്ങി ഏഷ്യൻ വിപണികളിലെല്ലാം പ്രകടമായ ആവേശത്തിൽ നിന്നു ഷാങ്ഹായ് വിപണി വിട്ടുനിന്നു. യൂറോപ്യൻ വിപണികളും നേട്ടത്തിലായിരുന്നു. ഫെഡ് റിസർവിന്റെ തീരുമാനം പുറത്തുവന്നപ്പോൾ തന്നെ യുഎസ് വിപണികൾ കുതിച്ചുയർന്നു. അതിന്റെ ആവേശത്തിൽ നിന്നായിരുന്നു മറ്റു വിപണികളിലെ മുന്നേറ്റം.

യുഎസ് ട്രഷറി ബോണ്ടുകളിൽ നിന്നുള്ള വരുമാന നിരക്കിലെ ഇടിവും ഓഹരി വിപണികൾക്കു തുണയായി. അഞ്ചിൽ നിന്നു 4.766% വരെയാണു നിരക്ക് ഇടിഞ്ഞത്. യൂറോ മേഖലയിൽ ജർമനി, ഇറ്റലി എന്നിവിടങ്ങളിലെ ബോണ്ട് വരുമാനവും ഗണ്യമായി ഇടിഞ്ഞു.

അതിനിടെ, യുകെയിലെ കേന്ദ്ര ബാങ്കായ ബാങ്ക് ഓഫ് ഇംഗ്ലണ്ടും പലിശ നിരക്കിൽ തൽക്കാലം മാറ്റം വേണ്ടെന്നു തീരുമാനിച്ചു. 15 വർഷത്തെ ഏറ്റവും കൂടിയ നിരക്കാണു നിലവിലുള്ളത്.

## ഒക്ടോബറിൽ ജിഎസ്ടി വരുമാനം 1.72 ലക്ഷം കോടി

**ന്യൂഡൽഹി:** ഒക്ടോബറിലെ ജിഎസ്ടി വരുമാനം 1.72 ലക്ഷം കോടി രൂപ. ജിഎസ്ടി നിലവിൽ വന്നശേഷമുള്ള രണ്ടാമത്തെ ഉയർന്ന വരുമാനമാണിത്. കഴിഞ്ഞ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 13% വളർച്ചയുണ്ടായി.

ഇക്കഴിഞ്ഞ ഏപ്രിലിലായിരുന്നു ഏറ്റവും ഉയർന്ന വരുമാനം, 1.87 ലക്ഷം കോടി രൂപ. സെപ്റ്റംബറിൽ 1.62 ലക്ഷം കോടി രൂപയായിരുന്നു വരുമാനം.

കേന്ദ്രത്തിന് അർഹതപ്പെട്ട ജിഎസ്ടി (സിജിഎസ്ടി) 30,062 കോടി, സംസ്ഥാനത്തിനുള്ള ജിഎസ്ടി (എസ്ജിഎസ്ടി)38,171 കോടി, ഒന്നിലേറെ സംസ്ഥാനങ്ങളിലായി നടക്കുന്ന ഇടപാടുകൾക്കുള്ള ഇന്റഗ്രേറ്റഡ് ജിഎസ്ടി (ഐജിഎസ്ടി)91,315 കോടി, സെസ്12,456 കോടി എന്നിങ്ങനെയാണ് ഒക്ടോബറിലെ വരുമാനം.

സംസ്ഥാനതലത്തിലുള്ള കണക്ക് ഇത്തവണ പുറത്തുവിട്ടിട്ടില്ല.

# നേപ്പാളിൽ വൻ ഭൂചലനം, 70 മരണം

## ഡൽഹിയിലും ഉത്തർപ്രദേശിലും പ്രകമ്പനം

**ന്യൂഡൽഹി:** നേപ്പാളിൽ 6.4 തീവ്രത രേഖപ്പെടുത്തിയ ശക്തമായ ഭൂചലനത്തിൽ 70 മരണം. മരണ സംഖ്യ ഇനിയും ഉയർന്നേക്കുമെന്നാണ് അധികൃതർ പുറത്തുവിടുന്ന വിവരം. വെള്ളിയാഴ്ച രാത്രി 11.32നാണു വ്യാപക നാശനഷ്ടമുണ്ടാക്കിയ ഭൂചലനം സംഭവിച്ചതെന്നു നാഷണൽ സെന്റർ ഫോർ സീസ്മോളജി അറിയിച്ചു.

നേപ്പാളിലെ ജാജർകോട്ട് ജില്ലയിലെ ലാമിഡാന്റ പ്രദേശമാണു ഭൂകമ്പത്തിന്റെ പ്രഭവകേന്ദ്രം. നേപ്പാളിൽ നിരവധി വീടുകളും കെട്ടിടങ്ങളും ഭൂചലനത്തിൽ തകർന്നു. നിരവധിപേർ കെട്ടിടങ്ങളിൽ കുടുങ്ങിക്കിടക്കുന്നതായാണു വിവരം. റുകും ജില്ലയിൽ മാത്രം 36 പേർ മരിച്ചതായാണു വിവരം.



ജാജർകോട്ടിൽ 34 പേരും മരിച്ചു. ദുരന്തനിവാരണ ഏജൻസികളടക്കം പ്രദേശത്തു രക്ഷാപ്രവർത്തനം നടത്തുകയാണ്. തകർന്ന കെട്ടിടങ്ങൾക്ക് ഇടയിലൂടെ രാത്രിയിൽ ബന്ധുക്കൾക്കായി പരതുന്ന പ്രദേശവാസികളുടെ വിഡിയോകൾ പുറത്തുവന്നു. നേപ്പാൾ പ്രധാനമന്ത്രി പുഷ്പ കമാൽ ദഹൽ അനുശോചനം രേഖപ്പെടുത്തി. നേപ്പാളിലെ ഭൂചലനത്തിനു പിന്നാലെ ഡൽഹിയിലും ബിഹാറിലും ഉത്തർപ്രദേശിലും മധ്യപ്രദേശിലും പ്രകമ്പനം ഉണ്ടായി. ഒക്ടോബർ 22 നും 6.1 തീവ്രതയുള്ള ഭൂചലനം നേപ്പാളിലുണ്ടായി.






ക്രെഡായ് കേരള സമ്മേളനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ഭാവിയിലെ ഓഫീസ് സ്പേസുകളെ കുറിച്ച് നടന്ന പാനൽ ചർച്ചയിൽ മോഡറേറ്റർ ഗൗതം സറഫ്, നസീറ റസാഖ്, മനോജ് ഖണ്ഡേവാൾ, ഷഹീം ബേക്കർ എന്നിവർ.

# ക്രെഡായ് കേരള സമ്മേളനം സമാപിച്ചു

**കൊച്ചി:** നിർമാണ മേഖലയുമായി ബന്ധപെട്ട് വർധിച്ച് വരുന്ന ആവശ്യകതകൾ നിറവേറ്റാൻ അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കണമെന്ന ആവശ്യമുയർത്തി കൊച്ചിയിൽ കഴിഞ്ഞ രണ്ട് ദിവസമായി നടന്നു വന്ന ക്രെഡായ് കേരള സമ്മേളനം സമാപിച്ചു. കേരളത്തിന് വളരാനുള്ള എല്ലാ സാധ്യതകളും ഉണ്ടെന്നും സാഹചര്യങ്ങൾക്ക് അനുസരിച്ച് വിപണന തന്ത്രങ്ങളിൽ മാറ്റം വരുത്തണമെന്നും സമ്മേളനം ആഹ്വാനം ചെയ്തു. ഐ ടി അനുബന്ധ മേഖലയിൽ റിയൽ എസ്റ്റേറ്റ്വ്യവസായം മുൻപെന്നത്തേക്കാളും ശക്തമാണെന്നും വരും നാളുകളിൽ ഐ ടി അനുബന്ധ മേഖലകളിൽ റിയൽ എസ്റ്റേറ്റ് കുതിച്ചുചാട്ടം തന്നെയുണ്ടാകുമെന്നും സമ്മേളനം വിലയിരുത്തി.

റോഡ് കണക്റ്റിവിറ്റിയടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തണം. വികസനവും നിർമിതികളും നഗര കേന്ദ്രീകൃതമാകാതെ മറ്റു ഭാഗങ്ങളിലേക്ക് വ്യാപിപ്പിക്കണമെന്നും സമ്മേളനം നിർദേശിച്ചു. ടയർ രണ്ട് ഡെസ്റ്റിനേഷനായി കേരളത്തെ മാറ്റിയെടുക്കാനുള്ള ചർച്ചകളും നയരൂപീകരണവുമാണ് ദ്വിദിന സമ്മേളനത്തിൽ നടന്നത്.

കേരളത്തിൻറെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്താനും കൂടുതൽ വൈദഗ്ധ്യവും സാങ്കേതികവിദ്യകളും ഉപയോഗപ്പെടുത്തി സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാനും സമ്മേളനം ആഹ്വാനം ചെയ്തു. വൻകിട കെട്ടിടങ്ങൾ നിർമ്മിക്കുന്നതിൽ നേരിടുന്ന വെല്ലുവിളികളും അവസരങ്ങളും സമ്മേളനം ചർച്ച ചെയ്തു.

ഇതിനായി നയരൂപീകരണം നടത്തണമെന്ന് പ്രതിനിധികൾ ആവശ്യപ്പെട്ടു. റിയൽ എസ്റ്റേറ്റ് മാർക്കറ്റിംഗിലും നിർമാണ സാങ്കേതിക വിദ്യകളിലും നിർമിത ബുദ്ധിയുടെ സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തണമെന്നും സമ്മേളനം ആഹ്വാനം ചെയ്തു.

ഓഫീസ് സ്പേസുകളിൽ ഭാവിയിൽ വരാൻ സാധ്യതയുള്ള അഭിരുചികൾ കൂടി മനസിലാക്കി രൂപകൽപ്പനയിലടക്കം വരുത്തേണ്ട മാറ്റങ്ങളും സമ്മേളനം ചർച്ച ചെയ്തു. ഓഫീസ് വർക്ക് സ്പേസുകളുടെ ഭാവി എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ചയിൽ മുംബൈ ബിസിനസ് മാനേജിംഗ് ഡയറക്ടർ ഗൗതം സറഫ് മോഡറേറ്ററായിരുന്നു.

ജെൻസ്ലർ സ്റ്റുഡിയോ ഡയറക്ടർ നസ്സീറ റസാഖ്, വർക്ക് ശാല സഹസ്ഥാപകൻ മനോജ് ഖണ്ഡേവാൾ, ബേക്കർ ആൻഡ് ഗ്രേ സഹസ്ഥാപകൻ ഷഹീം ബേക്കർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. എട്ടു സെഷനുകളിലായി മുപ്പതോളം വിദഗ്ദ്ധർ വിവിധ മേഖലകളെ കുറിച്ച് സംസാരിച്ചു.

സമാപന ചടങ്ങിൽ കോൺഫറൻസ് ചെയർമാൻ ഡോ. നജീബ് സക്കറിയ സമ്മേളന തീരുമാനങ്ങളും ചർച്ചകളും ക്രോഡീകരിച്ച് സംസാരിച്ചു. ക്രെഡായ് കേരള ചെയർമാൻ രവി ജേക്കബ്, സെക്രട്ടറി ജനറൽ ചെറിയാൻ ജോൺ എന്നിവർ പങ്കെടുത്തു.

# 6 മാസത്തിനിടെ 100ലേറെ വിതരണ ഷോറൂമുകൾ തുറന്ന് ജോയ് ഇബൈക്ക്

**കൊച്ചി:** ജോയ് ഇബൈക്ക് ബ്രാൻഡിന് കീഴിൽ ഇലക്ട്രിക് വാഹനങ്ങളുടെ ഇന്ത്യയിലെ മുൻനിര നിർമാതാക്കളായ വാർഡ്വിസാർഡ് ഇന്നൊവേഷൻസ് & മൊബിലിറ്റി ലിമിറ്റഡ് രാജ്യവ്യാപകമായി 100ലേറേ എക്സ്ക്ലൂസീവ് ഡിസ്ട്രിബ്യൂട്ടർ ഷോറൂമുകൾ ഉദ്ഘാടനം ചെയ്തു. വെറും ആറ് മാസത്തിനുള്ളിലാണ് ബ്രാൻഡിൻറെ ഈ അതിശയപ്പിക്കുന്ന നേട്ടം. ഇക്കാലയളവിൽ ഇന്ത്യയിലുടനീളം 750ലേറെ ടച്ച് പോയിൻറുകളും ജോയ് ഇബൈക്ക് തുറന്നു.

പടിഞ്ഞാറൻ മേഖലയിൽ മഹാരാഷ്ട്ര, ഗുജറാത്ത്, രാജസ്ഥാൻ, മധ്യപ്രദേശ് എന്നിവിടങ്ങളിലും, വടക്കൻ മേഖലയിൽ ഡൽഹി, ചണ്ഡീഗഡ്, ഹരിയാന, പഞ്ചാബ്, ജമ്മു & കശ്മീർ, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്, ഉത്തർപ്രദേശ് എന്നിവിടങ്ങളിലുമാണ് എക്സ്ക്ലൂസീവ് ഡിസ്ട്രിബ്യൂട്ടർ ഷോറൂമുകൾ സ്ഥിതി ചെയ്യുന്നത്.

കിഴക്കൻ മേഖലയിൽ ബീഹാർ, ജാർഖണ്ഡ്, ഛത്തീസ്ഗഡ്, ഒഡീഷ, പശ്ചിമ ബംഗാൾ സംസ്ഥാനങ്ങളിലും, തെക്ക് തമിഴ്നാട്ടിലും വാർഡ് വിസാർഡിന് ഡിസ്ട്രിബ്യൂട്ടർ ഷോറൂം ഉണ്ട്.

അടുത്തിടെ പുറത്തിറക്കിയ മെയ്ഡ് ഇൻ ഇന്ത്യ ഉൽപ്പന്നമായ മിഹോസ് ഉൾപ്പെടെ വേഗം കുറഞ്ഞതും കൂടിയതുമായ ഇലക്ട്രിക് ഇരുചക്രവാഹനങ്ങളുടെ സമഗ്രമായ ശ്രേണിയാണ് ഈ ഷോറൂമുകൾ ലഭ്യമാക്കുന്നത്. രാജ്യത്തുടനീളം ഇബൈക്കുകളുടെ വർധിച്ചുവരുന്ന ആവശ്യം നിറവേറ്റാനാണ് പുതിയ ഷോറൂമുകളിലൂടെ കമ്പനി ലക്ഷ്യമിടുന്നത്.

ഇന്ത്യയിലെ ഇലക്ട്രിക് മൊബിലിറ്റിയുടെ ആദ്യത്തെ പ്രചാരകരിലൊരാൾ എന്ന നിലയിൽ ആറ് മാസത്തിനുള്ളിൽ 100ലേറെ ഡിസ്ട്രിബ്യൂട്ടർ ഷോറൂമുകൾ ഉദ്ഘാടനം ചെയ്യുക എന്ന നേട്ടത്തിലെത്തിയത്, മികച്ച ഉപഭോക്തൃ അനുഭവങ്ങൾ നൽകുന്നതിനും വിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിനുമുള്ള പ്രതിബദ്ധതയുടെ ഭാഗമാണിതെന്ന് വാർഡ്വിസാർഡ് ഇന്നൊവേഷൻസ് & മൊബിലിറ്റി ലിമിറ്റഡിൻറെ ചെയർമാനും മാനേജിങ് ഡയറക്ടറുമായ യതിൻ ഗുപ്തെ പറഞ്ഞു.

തങ്ങളുടെ താലൂക്ക്തല ഡീലർമാരുമായി ശക്തമായ ബന്ധം സ്ഥാപിക്കുന്നതിനും, ഇലക്ട്രിക് ഇരുചക്ര വാഹന വ്യവസായത്തെ പരിവർത്തനം ചെയ്യുന്നതിനും, രാജ്യവ്യാപകമായി ഉപഭോക്താക്കളുമായി ശാശ്വതമായ ബന്ധം സൃഷ്ടിക്കുന്നതിനും പ്രതിജ്ഞാബദ്ധരാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# എറണാകുളം മാർക്കറ്റിൻറെ നിർമ്മാണം മെയ് മാസം പൂർത്തീകരിക്കും

**കൊച്ചി:** എറണാകുളം മാർക്കറ്റിൻറെ പുതിയ കെട്ടിടം പണി പുരോഗമിക്കുകയാണ്. പുതിയ മാർക്കറ്റ് നിർമ്മിക്കുന്ന സ്ഥലത്ത് ഇന്നലെ റിവ്യൂ മീറ്റിംഗ് നടത്തി. ഏകോപിതമായ പ്രവർത്തനവും തുടർച്ചയായ റിവ്യൂവും കൊണ്ടുമാത്രമാണ് മാർക്കറ്റിൻറെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലേക്ക് എത്തിയത്.

പണി പൂർത്തിയാക്കാനുള്ള യഥാർത്ഥ സമയം 2024 ജൂലൈ മാസമാണ്. എന്നാൽ 2024 മേയിൽ തന്നെ നിർമ്മാണം പൂർത്തീകരിക്കണമെന്ന് ഇന്നലത്തെ റിവ്യൂ മീറ്റിംഗിൽ തീരുമാനിച്ചു. 3 നിലകളിലായി ഏകദേശം 19,990 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിലാണ് മാർക്കറ്റ് കോംപ്ലക്സ് വിഭാവനം ചെയ്തിരിക്കുന്നത്. മൊത്തം 1.63 ഏക്കർ ആണ് പ്ലോട്ട് ഏരിയ. 72.69 കോടിയാണ് പദ്ധതി ചെലവ്. ഗ്രൗണ്ട്, ഫസ്റ്റ് എന്നീ ഫ്ളോറുകളിൽ പച്ചക്കറികൾ, പഴവർഗങ്ങൾ, മുട്ട തുടങ്ങിയ സ്റ്റാളുകളും, സ്റ്റേഷണറി, കയർ, കൊട്ട, ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ വിൽപ്പനയ്ക്കുള്ള സ്റ്റാളുകളും സജ്ജീകരിക്കും. ഒന്നാം നിലയിലും ലോഡിംഗ്, അൺലോഡിംഗിനായി ഏരിയ നൽകിയിട്ടുണ്ട്. താഴത്തെ നിലയിൽ നിന്ന് ഒന്നാം നിലയിലേക്ക് റാംപിലൂടെ വാഹനം നീങ്ങാൻ സാധിക്കും. ബേസിൻ റോഡിൽ നിന്നാണ് റാമ്പിൻറെ പ്രവേശന കവാടം.രണ്ടാമത്തെയും മൂന്നാമത്തെയും നിലകളിൽ പാർട്ടീഷനുകളൊന്നുമില്ലാതെ തുറന്ന നിലയാണ് നൽകിയിരിക്കുന്നത്. ഈ പ്രദേശങ്ങൾ വാണിജ്യ ഇടമായി ഉപയോഗിക്കാൻ സാധിക്കും. പരമ്പരാഗതമായ വൃത്തിഹീനമായ മാർക്കറ്റുകൾ ഇനി പഴങ്കഥയാവട്ടെ. നഗരത്തിലെ എല്ലാ മാർക്കറ്റും നമുക്ക് നവീകരിക്കുക തന്നെ വേണം.

റിവ്യൂ യോഗത്തിൽ മേയറെ കൂടാതെ കൗൺസിലർ മനു ജേക്കബ്, എക്സിക്യൂട്ടീവ് എൻജിനീയർ അമ്പിളി , സ്മാർട്ട് സിറ്റി ഉദ്യോഗസ്ഥർ, കരാറുകാർ , കേരള മർച്ചൻറ്സ് ചേംബർ ഓഫ് കോമേഴ്സ് ഭാരവാഹികളായ എൽ എ ജോഷി, മുഹമ്മദ് സഹീർ , ജേക്കബ് ചാണ്ടി,മാർക്കറ്റ് ഓണേഴ്സ് പ്രസിഡണ്ട് ജോർജ് മറ്റു ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

# കെപിഐടിയുടെ വരുമാനത്തിൽ 51.7 ശതമാനം വർധനവ്

**കൊച്ചി:** സോഫ്റ്റ്വെയർ ഡിഫൈൻഡ് വാഹനങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള ഓട്ടോമോട്ടീവ് മൊബിലിറ്റി സംവിധാനങ്ങൾക്കായുള്ള സ്വതന്ത്ര സോഫ്റ്റ് വെയർ ഇൻറഗ്രേഷൻ പങ്കാളിയായ കെപിഐടി ടെക്നോളജീസ് നടപ്പു സാമ്പത്തിക വർഷത്തിൻറെ രണ്ടാം ത്രൈമാസത്തിൽ 51.7 ശതമാനം വരുമാന വർധനവ് രേഖപ്പെടുത്തി. അറ്റാദായത്തിൻറെ കാര്യത്തിൽ വാർഷികാടിസ്ഥാനത്തിൽ 68.7 ശതമാനം വളർച്ചയും രേഖപ്പെടുത്തിയിട്ടുണ്ട്. ആഗോള തലത്തിലെ ജീവനക്കാരുടെ എണ്ണം 11970 എന്ന നിലയിലെത്തിക്കാനും സാധിച്ചിട്ടുണ്ട്.

കഴിഞ്ഞ മൂന്നു വർഷങ്ങളിലെ പ്രകടനത്തിന് അനുസൃതമായ മറ്റൊരു മികച്ച ത്രൈമാസ പ്രകടനമാണിതെന്ന് കെപിഐടി സഹസ്ഥാപകനും സിഇഒയും മാനേജിങ് ഡയറക്ടറുമായ കിഷോർ പാട്ടീൽ പറഞ്ഞു. ആഗോള തലത്തിലെ രാഷ്ട്രീയ, സാമ്പത്തിക അനിശ്ചിതത്വങ്ങൾക്കിടയിലും തങ്ങൾ ശ്രദ്ധാപൂർവ്വമുള്ള നീക്കങ്ങൾ തുടരും. തങ്ങളുടെ ഇടപാടുകാർ പുതിയ, പ്രസക്തമായ സാങ്കേതികവിദ്യകളിൽ നിക്ഷേപം തുടരാൻ പ്രതിജ്ഞാബദ്ധരാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# കുസാറ്റിൽ ഭരണഭാഷാ പരിശീലനക്ലാസ്സ് സംഘടിപ്പിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ ഭരണഭാഷാവാരാചരണത്തിന്റെ ഭാഗമായി സർവകലാശാല ജീവനക്കാർക്ക് ഭരണഭാഷാ പരിശീലനക്ലാസ്സ് സംഘടിപ്പിച്ചു.



ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ ഔദ്യോഗിക ഭാഷാവകുപ്പിലെ ഭാഷാവിദഗ്ദൻ ഡോ. ആർ. ശിവകുമാർ പരിശീലന പരിപാടിക്ക് നേതൃത്വം നൽകി. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് ഓഫീസർ ഡോ. വിനീത് ആർ., ഷിപ് ടെക്നോളജി വകുപ്പ് സെക്ഷൻ ഓഫീസർ ഹരികുമാർ എന്നിവർ സംസാരിച്ചു.



ഒ.എൻ.ജി.സി ഡയറക്ടർ ശ്രീമതി.സുഷമ റാവത്ത് സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു. മുൻ കേരള ചീഫ് സെക്രട്ടറി ഡോ. വി പി ജോയ് , യൂറോപ്യൻ അസോസിയേഷൻ ഓഫ് ജിയോ സയന്റിസ്റ്റ്സ് & എഞ്ചിനീയേഴ്സ് (നെതർലാൻഡ്സ് ) സി.ഇ.ഒ. ശ്രീ മാർസൽ റോബർട്ട് വാൻ ലൂൺ ; യു.എസ്. സൊസൈറ്റി ഓഫ് എക്സ്പ്ലോറേഷൻ ജിയോഫിസിസ്റ്റ്സ് ഡയറക്ടർ കോൺസ്റ്റന്റൈൻ സിംഗാസ്; ഒ എൻ ജി സി വിദേശ് ലിമിറ്റഡ് (ഒ.വി.എൽ) എം ഡി രാജർഷി ഗുപ്ത, ഒഎൻജിസി എക്സിക്യൂട്ടീവ് ഡയറക്ടറും എസ്പിജിഇന്ത്യ പ്രസിഡന്റുമായ ശ്രീ. വിശാൽ ശാസ്ത്രി എന്നിവർ സമീപം.

# പെട്രോളിയം ജിയോഫിസിസ്റ്റുകളുടെ അന്താരാഷ്ട്ര സമ്മേളനത്തിന് തുടക്കം

**കൊച്ചി:** പ്രെട്രോളിയം മേഖലയിൽ ജിയോ സയന്റിസ്റ്റുകളുടെയും എഞ്ചിനീയർമാരുടെയും സംഘടനയായ സൊസൈറ്റി ഓഫ് പെട്രോളിയം ജിയോഫിസിസ്റ്റുകളുടെ (എസ്.പി.ജി.) പതിനാലാമത് ദ്വിവാർഷിക സമ്മേളനവും എക്സ്പോയും കൊച്ചിയിൽ ലുലു ബോൾഗാട്ടി ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ ആരംഭിച്ചു.

ഒഎൻജിസി എക്സ്പ്ലോറേഷൻ ഡയറക്ടറും എസ്പിജിഇന്ത്യ പേട്രണുമായ സുഷമാ റാവത്ത് സമ്മേളനം ഉദ്ഘാടനം ചെയ്തു.

ചെലവ്, പാരിസ്ഥിതിക സുസ്ഥിത, വിശ്വാസ്യത എന്നിവയെ സന്തുലിതമാക്കി നൂതന സാങ്കേതിക വിദ്യകളിലൂടെ ഊർജ വ്യവസായത്തെ മുന്നോട്ട് നയിക്കാനുള്ള ചർച്ചകളാണ് സമ്മേളനത്തിൽ നടക്കുന്നതെന്ന് സുഷമ റാവത്ത് പറഞ്ഞു.

എണ്ണയുടെ സാധ്യതകൾ കണ്ടെത്താനുള്ള പര്യവേഷണങ്ങളിൽ വലിയ മുന്നേറ്റങ്ങളാണ് സമീപകാലത്ത് ഉണ്ടായത്. വലിയ തോതിൽ വിവര ശേഖരണം നടന്നു. 2017 ന് ശേഷം ദേ ശീയ സീസ്മിക് പദ്ധതിക്ക് കീഴിൽ 46000 ലൈൻ കി.മീ. ഭൂമിയുടെ അന്തർഘടനാ പഠനം നടന്നു. ജിയോളജിക്കൽ, ജിയോഫിസിക്കൽ സർവേയുടെ അടിസ്ഥാനത്തിൽ പര്യവേക്ഷണത്തിനും വലിയ സാധ്യതകൾ പുതിയ നയങ്ങൾ വഴി തുറന്നിട്ടുണ്ട്, സുഷമ റാവത്ത് പറഞ്ഞു.

കാർബൺ ബഹിർഗമനം കുറച്ച് പരിസ്ഥിതി കളങ്കപ്പെടുന്നത് തടയുന്നതിനായി സ്രോതസ്സുകളിൽ നിന്ന് പിടിച്ചെടുക്കുന്ന കാർബൺ സംഭരിക്കുന്നതിനോ കുഴിച്ചിടുന്നതിനോ ഉള്ള റിസർവോയറുകളെ കണ്ടെത്തുന്നതിലും ആധുനിക ജിയോഫിസിക്സിന് നിർണായക പങ്കുണ്ടെന്ന് സുഷമാ റാവത്ത് പറഞ്ഞു..ഊർജ്ജ സുസ്ഥിരത, സുരക്ഷ, സമത എന്നിവയിൽ ഇന്ത്യയുടെ ശ്രദ്ധേയമായ നേട്ടങ്ങളും , ഈ രംഗത്തെ വെല്ലുവിളികളെ നേരിടുന്നതിൽ രാഷ്ട്രത്തിന്റെ പ്രതിബദ്ധതയും കേരള മുൻ ചീഫ് സെക്രട്ടറി ഡോ. വി പി ജോയ് എടുത്തു പറഞ്ഞു.

ഊർജ്ജ ട്രൈലെമ സൂചികയിൽ, നൂറിന് മുകളിലുള്ളതിൽ നിന്ന് ചുരുങ്ങിയ സമയത്തിനുള്ളിൽ ഇന്ത്യ 63ാം സ്ഥാനത്തെത്തി. 2070ഓടെ കാർബൺ ന്യൂട്രാലിറ്റി അല്ലെങ്കിൽ എമിഷൻ ന്യൂട്രാലിറ്റി കൈവരിക്കുക എന്ന മഹത്തായ ലക്ഷ്യവും രാജ്യത്തിനുണ്ട്.നാഷണൽ എനർജി ട്രൈലെമ ഇൻഡക്സിൽ കേരളം ഇന്ത്യയിലെ മുൻനിര സംസ്ഥാനമായി നിലകൊള്ളുന്നു. കൂടാതെ ,യുഎൻ സുസ്ഥിര വികസന സൂചികയിൽ സുസ്ഥിര ഊർജ്ജ സമ്പ്രദായങ്ങളിലൂടെ കഴിഞ്ഞ നാല് വർഷമായി കേരളം രാജ്യത്ത് ഒന്നാം സ്ഥാനത്താണ്.

ഇന്ത്യയുടെ ഊർജ്ജോൽപ്പാദനം ഒരു ദശാബ്ദത്തിനുള്ളിൽ 225 കിലോവാട്ടിൽ നിന്ന് നിലവിലെ 430 ജിഗാവാട്ടിലേക്ക് എത്തിയത് ശ്രദ്ധേയമായ വളർച്ചയാണ്.

എല്ലാവർക്കും വൈദ്യുതി, പാചക വാതകം, വൈദ്യുതി, ഗതാഗത ഇന്ധനങ്ങൾ എന്നിവയുടെ ലഭ്യത ഉറപ്പു വരുത്തുന്ന നയങ്ങളും പദ്ധതികളും വിജയം കണ്ട രാജ്യമാണിത് , വി.പി. ജോയ് പറഞ്ഞു.

പെട്രോളിയം സയൻസസിലെ സമകാലിക മാനദണ്ഡങ്ങളും മുന്നേറ്റങ്ങളും , നൂതന സാങ്കേതിക വിദ്യകൾ , ഊർജ്ജ സുസ്ഥിരത, സുരക്ഷ, തുല്യത എന്നിവയിലുള്ള ആഴത്തിലുള്ള ചർച്ചകൾക്ക് മൂന്ന് ദിവസം സമ്മേളനം വേദിയാവുന്നുണ്ടെന്ന് ശ്രീ രാജർഷി ഗുപ്ത, എം.ഡി ഒ.വി.എൽ പറഞ്ഞു.

ഒഎൻജിസി വിദേശ് ലിമിറ്റഡ് (ഒ.വി.എൽ) എം ഡി. ശ്രീ. രാജർഷി ഗുപ്ത, ഒഎൻജിസി എക്സിക്യൂട്ടീവ് ഡയറക്ടറും എസ്പിജിഇന്ത്യ പ്രസിഡന്റുമായ ശ്രീ. വിശാൽ ശാസ്ത്രി, യൂറോപ്യൻ അസോസിയേഷൻ ഓഫ് ജിയോ സയന്റിസ്റ്റ്സ് & എഞ്ചിനീയേഴ്സ് (നെതർലാൻഡ്സ് ) സി.ഇ.ഒ. ശ്രീ മാർസൽ റോബർട്ട് വാൻ ലൂൺ, യു.എസ്. സൊസൈറ്റി ഓഫ് എക്സ്പ്ലോറേഷൻ ജിയോഫിസിസ്റ്റ്സ് ഡയറക്ടർ ശ്രീ കോൺസ്റ്റന്റൈൻ സിംഗാസ്, എന്നിവർ ഉദ്ഘാടന ചടങ്ങിൽ സംസാരിച്ചു.

ജിയോ സയന്റിസ്റ്റുകൾ, ഗവേഷകർ, അക്കാദമിക് വിദഗ്ധർ, പ്രൊഫഷണലുകൾ, നൂറിലധികം അന്താരാഷ്ട്ര വിദഗ്ധർ എന്നിവരുൾപ്പെടെ 2000ലധികം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

## പട്ടയ വിതരണം വേഗത്തിലാക്കാൻ നടപടികൾ ഊർജിതമാക്കണം: റവന്യൂ മന്ത്രി

**തിരുവനന്തുപുരം:** അർഹരായ മുഴുവൻ പേർക്കും സമയ ബന്ധിതമായി പട്ടയം നൽകുന്നതിന് നടപടികൾ ഊർജിതമാക്കണമെന്ന് റവന്യു മന്ത്രി കെ രാജൻ നിർദ്ദേശിച്ചു. തിരുവനന്തപുരം ഐ എൽ ഡി എമ്മിൽ ജില്ലാ കലക്ടർമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.കോളനി പട്ടയം, പഞ്ചായത്തുകൾ വില കൊടുത്തു വാങ്ങി നൽകിയ ഭൂമി, ഭൂവുടമകൾ സൗജന്യമായി വിട്ടു നൽകിയ ഭൂമി എന്നിവയുൾപ്പെടെ പട്ടയ മിഷനിൽ പരിഗണനക്ക് വന്ന ഭൂവിഷയങ്ങളിൽ നടപടികൾ ശക്തിപ്പെടുത്തണം. ഡിജിറ്റൽ റീ സർവെ വേഗത്തിലാക്കുന്നതിന് വില്ലേജ് ജനകീയ സമിതി സഹകരണത്തോടെ ജാഗ്രതാ സമിതികളുടെ സേവനം ഉറപ്പാക്കാൻ കലക്ടർമാർ ഇടപെടലുകൾ നടത്തണം. സർക്കാർ ഭൂമിയുടെ സംരക്ഷണവും അർഹരായവർക്ക് പട്ടയം നൽകാനുള്ള പ്രവർത്തനങ്ങളും ഇതുവഴി വേഗത്തിലാകും. ഭൂപരിഷ്കരണത്തിന്റെ അന്തസത്ത ഉയരത്തിപ്പിടിക്കുന്ന വിധം സമഗ്രമായ ഒരു സെറ്റിൽമെന്റ് ആക്ട് നടപ്പാക്കുകയെന്നത് സർക്കാരിന്റെ പ്രധാന ലക്ഷ്യമാണെന്നും മന്ത്രി പറഞ്ഞു.ഭൂരഹിതരായ അതി ദരിദ്ര കുടുംബങ്ങൾക്ക് വീടുവയ്ക്കാനുള ഭൂമി കണ്ടെത്തി നൽകേണ്ടതുണ്ട്. അതി ദരിദ്ര ദാരിദ്ര്യ നിർമാർജന പദ്ധതി കാര്യമമായി നടപ്പാക്കണം. ബിൽഡിങ് ടാക്സ്, ആഢംബര നികുതി ഉൾപ്പെടെ റവന്യൂ പിരിവുകൾ കാര്യക്ഷമമാക്കാനും സർക്കാരിന്റെ മുൻഗണനാ പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കാനും യോഗത്തിൽ തീരുമാനിച്ചു. യോഗത്തിൽ റവന്യു പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബി സ്വാൾ, ലാൻഡ് റവന്യൂ കമ്മിഷണർ ഡോ. എ കൗശിൻ, ജോയിന്റ് കമ്മീഷണർ എ ഗീത, ജില്ലാ കളക്ടർമാർ തുടങ്ങിയവർ പങ്കെടുത്തു.



91 ാമത് ശിവഗിരി തീർത്ഥാടന മഹോത്സവത്തിൻറെ മുന്നോടിയായി സേവനം യു.എ.ഇ. ചീഫ് കോഓർഡിനേറ്റർ എം. കെ. രാജൻ നൽകിയ സംഭാവന ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ സ്വീകരിച്ചപ്പോൾ തീർത്ഥാടന കമ്മിറ്റി സെക്രട്ടറി സ്വാമി ഋതംഭരാനന്ദ, സ്വാമി വീരേശ്വരാനന്ദ, ശിവഗിരിമഠം പി.ആർ.ഒ ഇ. എം. സോമനാഥൻ തുടങ്ങിയവർ സമീപം.

## 91ാമത് ശിവഗിരി തീർത്ഥാടനം: ആദ്യ സംഭാവന സമർപ്പിച്ചു

**ശിവഗിരി :** 91ാമത് ശിവഗിരി തീർത്ഥാടന മഹോത്സവത്തിൻറെ മുന്നോടിയായി ആദ്യസംഭാവനാ സമർപ്പണം നടന്നു.

മഹാസമാധിയിൽ പ്രാർത്ഥനയെ തുടർന്ന് സേവനം യു.എ.ഇ ചീഫ് കോഓർഡിനേറ്റർ എം.കെ. രാജൻ അഞ്ചു ലക്ഷം രൂപ ആദ്യ സംഭാവനയായി ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദയ്ക്ക് കൈമാറി. തീർത്ഥാടനകമ്മിറ്റി സെക്രട്ടറി സ്വാമി ഋതംഭരാനന്ദ, ഗുരുധർമ്മ പ്രചരണസഭ ജോയിൻറ് സെക്രട്ടറി സ്വാമി വീരേശ്വരാനന്ദ, ബ്രഹ്മചാരിമാർ, ഭക്തജനങ്ങൾ തുടങ്ങിയവർ സംബന്ധിച്ചു.

## നിയമസഭാ പുസ്തകോത്സവം : ശിവഗിരി മഠം സ്റ്റാളും

**ശിവഗിരി :** കേരളാനിയമസഭയുടെ അന്താരാഷ്ട്ര പുസ്തകോത്സവത്തിന് ശിവഗിരി മഠം പ്രസിദ്ധീകരണവിഭാഗത്തിൻറെ സ്റ്റാളും. ശ്രീനാരായണ ഗുരുദേവ ജീവചരിത്രം, ഗുരുദേവ കൃതികൾ, ഗുരുദേവനെപ്പറ്റി മറ്റുള്ളവരുടെ കൃതികൾ എന്നിവയൊക്കെ സ്റ്റാളിൽ നിന്ന് ലഭിക്കും. സ്റ്റാളിൻറെ പ്രവർത്തനോദ്ഘാടനം ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് പ്രസിഡൻറ് സച്ചിദാനന്ദ സ്വാമി നിർവ്വഹിച്ചു.

## പുത്തൻ ഷോപ്പിംഗ് അനുഭവം വാഗ്ദാനം ചെയ്ത് 'പാന്റലൂൺസ് ഓൺലൂപ്പ്'




**ബെംഗളൂരു:** ആദിത്യ ബിർള ഫാഷൻ ആൻഡ് റീട്ടെയിൽ ലിമിറ്റഡിന്റെ ഇന്ത്യയിലെ മുൻനിര ഫാഷൻ ബ്രാൻഡായ പാന്റലൂൺസ്, തങ്ങളുടെ ആദ്യത്തെ പാന്റലൂൺസ് ഓൺലൂപ്പ് സ്റ്റോർ ലോഞ്ച് ബെംഗളൂരുവിലെ ജെപി നഗറിൽ തുറന്നു.

യുവാക്കൾക്കും ആധുനിക ഉപഭോക്താക്കൾക്കും വേണ്ടി രൂപകൽപ്പന ചെയ്തിരിക്കുന്ന വ്യതിരിക്തമായ, സാങ്കേതിക വിദ്യയുടെ അനുഭവസാധ്യതയുള്ള സ്റ്റോറാണ് പാന്റലൂൺസ് ഓൺലൂപ്.

70,000 ചതുരശ്ര അടി വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന പുതിയ സ്റ്റോർ, വസ്ത്രങ്ങൾ, പാദരക്ഷകൾ, വാച്ചുകൾ, സൺഗ്ലാസുകൾ, സൗന്ദര്യവർദ്ധക വസ്തുക്കൾ, ബാഗുകൾ തുടങ്ങി വിവിധ വിഭാഗങ്ങളിലായി 50ലധികം ഫാഷൻ ബ്രാൻഡുകളുടെ സ്പെക്ട്രത്തിനൊപ്പം ഫാഷനും അപ്പുറമുള്ള അനുഭവങ്ങൾ പ്രദാനം ചെയ്യുന്നു. പ്രശസ്ത എത്നിക് വെയർ ബ്രാൻഡുകളായ തസ്വ, ജയ്പോർ എന്നിവയ്ക്കൊപ്പം പാന്റലൂൺസ് എക്സ്ക്ലൂസീവ് ബ്രാൻഡുകളായ രംഗ്മാഞ്ച്, അകൃതി, ഇൻഡസ് റൂട്ട് എന്നിവയും സ്റ്റോറിൽ ഉണ്ടായിരിക്കും. കൂടാതെ, പ്യൂമ, സ്കെച്ചേഴ്സ് തുടങ്ങിയ ഐക്കണിക് സ്പോർട്സ് വെയർ ബ്രാൻഡുകളും ജിവ, കൊറിയൻ സ്കിൻകെയർ ബ്രാൻഡായ ക്വെഞ്ച് പോലുള്ള ബ്രാൻഡുകളും ഇവിടെയുണ്ട്. ബെംഗളൂരുവിലെ ആദ്യത്തെ കൊക്കോ ലെനി ഐവെയർ സ്റ്റോറും ഈ സ്റ്റോറിൽ ഉണ്ട്.

സ്മാർട്ട് ട്രയൽ റൂമുകൾ, എൻഡ്ലെസ്സ് ഐൽ, ഹീറ്റ് ട്രാൻസ്ഫർ ടെക്നോളജി, കസ്റ്റമൈസേഷൻ സോൺ, എംബ്രോയ്ഡറി ചെയ്ത ബാഡ്ജുകൾ, കസ്റ്റമൈസ്ഡ് ബാഗ് ടാഗുകൾ പോലുള്ള ഓപ്ഷനുകളും ഷോപ്പിംഗ് അനുഭവം ഉയർത്തുന്നു.



കാർബൂട്ട് സെയിലിനെതിരെ പ്രതികരിച്ച വ്യാപാരി സംഘടനകുളുടെ പ്രതിനിധികളുമായി മേയർ എം.അനിൽ കുമാർ, ജി.സി.ഡി.എ ചെയർമാൻ കെ.ചന്ദ്രൻ പിള്ള എന്നിവർ മേയറുടെ ചേംബറിൽ ചർച്ച നടത്തുന്നു.

# കാർബൂട്ട് സെയിൽ ; ചർച്ച വിജയം ഏകോപന സമിതി

**കൊച്ചി :** നിയമ പരമായ എല്ലാ വശങ്ങളും പരിശോധിച്ച് വ്യാപാരികളെകൂടി വിശ്വാസത്തിലെടുത്തിന് ശേഷം മാത്രമേ കാർബൂട്ട് സെയിലിന് അംഗീകാരം നൽകയുള്ളുവെന്ന് കൊച്ചിൻ കോർപ്പറേഷനും ജി.സി.ഡി.എയും ഉറപ്പ് നൽകിയതായി കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ഭാരവാഹികൾ അറിയിച്ചു.

വിവിധ വ്യാപാരി സംഘടന പ്രതിനിധികളുമായി ജി.സി.ഡി.എ ചെയർമാൻ കെ.ചന്ദ്രൻ പിള്ളയാണ് കോർപ്പറേഷൻ മേയർ അഡ്വ. എം.അനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ മേയറുടെ ചേംബറിൽ ചർച്ച നടത്തിയത്. വ്യാപാരി വ്യവസായി ഏകോപന സമിതിയെ പ്രതിനിധീകരിച്ച് ജില്ലാ പ്രസിഡന്റ് പി.സി. ജേക്കബ്, ജനറൽ സെക്രട്ടറി അഡ്വ.എ.ജെ.റിയാസ്, ട്രഷറർ സി.എസ്.അജ്മൽ, വൈസ് പ്രസിഡന്റ്മാരായ എം.സി.പോൾസൺ, എൻ.പി. അബ്ദുൾ റസാഖ്, യൂത്ത് വിംഗ് ജില്ലാ പ്രസിഡന്റ് കെ.എസ്.നിഷാദ്, കേരള മർച്ചന്റ്സ് ചേംബർ ഓഫ് കോമേഴ്സ് പ്രസിഡന്റ് കെ.എം.മുഹമ്മദ് സഗീർ, സെക്രട്ടറി പി.ഡി.മനോജ് കുമാർ, ട്രഷറർ സി.ചാണ്ടി സൂപ്പർ മാർക്കറ്റ് വെൽഫെയർ അസ്സോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ജോർഫിൻ പെട്ട തുടങ്ങിയവരും കെ.ടി.ജി.എ, സിം കാർഡ് ഡീലേഴ്സ് അസ്സോസിയേഷൻ തുടങ്ങിയ സംഘടനകളുടെ ഭാരവാഹികളും ചർച്ചയിൽ പങ്കെടുത്തു.

# കെയർ ഹോസ്പിറ്റൽസും കിംസ്ഹെൽത്തും ഏറ്റെടുക്കാൻ ബ്ലാക്ക്സ്റ്റോൺ

**തിരുവനന്തപുരം:** സ്വകാര്യ ഇക്വിറ്റി ഫണ്ട് സ്ഥാപനമായ ബ്ലാക്ക്സ്റ്റോൺ, എവർകെയറിൽ നിന്നുള്ള കെയർ ഹോസ്പിറ്റൽസിന്റെ ഭൂരിഭാഗം ഓഹരികളും സ്വന്തമാക്കി. ടിപിജി റൈസ് ഫണ്ടുകളുടെ പ്ലാറ്റ്ഫോമാണ് എവർകെയർ. ഇതിന്റെ ഭാഗമായി കിംസ്ഹെൽത്തിന്റെ ഭൂരിഭാഗം ഓഹരികളും ഏറ്റെടുക്കുന്നതിനുള്ള കൃത്യമായ കരാറിലും കെയർ ഹോസ്പിറ്റൽസ് ഒപ്പുവച്ചു. കെയർ ഹോസ്പിറ്റൽസ് ശൃംഖലയിലേക്ക് കിംസ്ഹെൽത്തും ഭാഗമാകുന്നതോടെ രാജ്യത്തെ 11 നഗരങ്ങളിലായി 23 ആശുപത്രികളുള്ള വലിയ ഹോസ്പിറ്റൽ പ്ലാറ്റ്ഫോമുകളിലൊന്നാണ് സൃഷ്ടിക്കപ്പെടുന്നത്. ഇത്, വളർച്ചയ്ക്ക് ശക്തമായ സാധ്യതയും പ്രാപ്തിയുമുള്ള നഗരങ്ങളിൽ ആരോഗ്യരംഗത്ത് നേതൃസ്ഥാനത്തേക്കും വഴിതെളിക്കുന്നു. 4,000ലധികം കിടക്കകളാണ് സംവിധാനത്തിന്റെ ഭാഗമാകുന്നത്.

കെയർ ഹോസ്പിറ്റൽസിൽ വലിയ ഓഹരി പങ്കാളിത്തമുണ്ടായിരുന്ന എവർകെയർ ഹെൽത്ത് ഫണ്ടിന്റെ ഭാഗമായ ടിപിജി, പുതിയ സംയുക്ത പ്ലാറ്റ്ഫോമിൽ ഗണ്യമായ ന്യൂനപക്ഷ ഓഹരി നിലനിർത്തും. അതേസമയം, ഡോ.എം.ഐ.സഹദുള്ള, കിംസ്ഹെൽത്ത് നേതൃസ്ഥാനത്ത് തുടരുകയും ചെയ്യും.

ദീർഘകാല നിക്ഷേപകരും ബിസിനസ് വളർച്ചയുടെ രൂപകർത്താക്കളുമാകാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ഏറ്റെടുക്കലുകളിലൂടെയും നൈസർഗികമായും പുതിയ പ്ലാറ്റ്ഫോം വളർത്താനാണ് ശ്രമം.

ലൈഫ് സയൻസസ് ബ്ലാക്ക്സ്റ്റോണിന്റെ ഒരു പ്രധാന നിക്ഷേപ ആശയമാണ്. അതിലൂടെ ആഗോള തലത്തിലും പ്രവർത്തന വൈദഗ്ധ്യവും കൊണ്ടുവരാൻ ഞങ്ങൾ പദ്ധതിയിടുന്നു. ലോകോത്തര ഫിസിക്കൽ, മെഡിക്കൽ ഇൻഫ്രാസ്ട്രക്ചറിൽ നിക്ഷേപം നടത്താനും കമ്പനികളുടെ ഡിജിറ്റൽ, സാങ്കേതിക കഴിവുകൾ വർധിപ്പിക്കാനും ഉയർന്ന ക്വാട്ടേണറി കെയർ സ്പെഷ്യാലിറ്റികൾ ചേർക്കാനും ഒരു ക്ലിനിഷ്യൻ, എംപ്ലോയീസ് കൾച്ചർ ഫോക്കസ്ഡ് ഓർഗനൈസേഷൻ വളർത്തിയെടുക്കാനും ഞങ്ങൾ പദ്ധതിയിടുന്നു. ഗണേഷ് മണി വ്യക്തമാക്കി.

ബ്ലാക്ക്സ്റ്റോണുമായി പങ്കാളിത്തത്തിൽ ഏർപ്പെടുന്നതിൽ വലിയ സന്തോഷമുണ്ടെന്ന് ടിപിജി പാർട്ണർ അങ്കുർ തഡാനി പറഞ്ഞു. ക്ലിനിക്കൽ മികവ് നൽകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഇന്ത്യയിലും ദക്ഷിണേഷ്യയിലുടനീളമുള്ള ഒരു മുൻനിര, രോഗി കേന്ദ്രീകൃത ഹെൽത്ത് കെയർ ഡെലിവറി ശൃംഖലയായി കെയർ ഹോസ്പിറ്റൽസ് ഗ്രൂപ്പിനെ കെട്ടിപ്പടുക്കുന്നതിനുള്ള ഞങ്ങളുടെ ശ്രമങ്ങളും യാത്രയും തുടരാൻ ബ്ലാക്ക്സ്റ്റോണുമായി സഹകരിക്കുന്നതിൽ ഞങ്ങൾ ആവേശഭരിതരാണ്. ഓർഗാനിക്, പാർട്ണർഷിപ്പ്ഡ്രൈവ് ഏകീകരണ ശ്രമങ്ങളിലൂടെ ഒരു മാർക്കറ്റ് ലീഡിംഗ് പ്ലാറ്റ്ഫോം സൃഷ്ടിക്കുന്നതിൽ കാര്യമായ സാധ്യതയുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു, ഇത് കിംസ്ഹെൽത്തുമായുള്ള ഞങ്ങളുടെ പങ്കാളിത്തത്തിന്റെ തെളിവാണ്. അദ്ദേഹം കൂട്ടിച്ചേർത്തു.

ആഗോള തലത്തിൽ മുൻനിരയിലുള്ള ബ്ലാക്ക്സ്റ്റോണും ടിപിജിയുമായുള്ള പങ്കാളിത്തം കഴിവുകൾ ശക്തിപ്പെടുത്തുകയും ബിസിനസിനെ അതിന്റെ വളർച്ചയുടെ അടുത്ത ഘട്ടത്തിലേക്ക് കടക്കാൻ സഹായിക്കുകയും ചെയ്യുമെന്ന് കിംസ്ഹെൽത്ത് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. എം.ഐ സഹദുള്ള പ്രതീക്ഷ പ്രകടിപ്പിച്ചു. ഏറ്റെടുക്കൽ നടപടികൾക്ക് ശേഷവും കിംസ്ഹെൽത്തിന്റെ തലപ്പത്ത് അദ്ദേഹം തുടരും. കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി, ഇന്ത്യയിലും വിദേശത്തുമുള്ള രോഗികൾക്ക് ഗുണമേന്മയും സുരക്ഷിതവും ധാർമ്മികവുമായ ആരോഗ്യ സേവനവും പരിരക്ഷയും നൽകുന്നതിൽ ഞങ്ങളുടെ സ്ഥാപനങ്ങൾ ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. ബ്ലാക്ക്സ്റ്റോൺ, ടിപിജി എന്നിവ പോലുള്ള ആഗോള പ്രശസ്തരുമായുള്ള പങ്കാളിത്തം ഞങ്ങളുടെ കഴിവുകളെ ശക്തിപ്പെടുത്തുമെന്നും ഒരു മുൻനിര ആരോഗ്യ സംരക്ഷണ പ്ലാറ്റ്ഫോമിന്റെ ഭാഗമായി അതിന്റെ അടുത്ത ഘട്ട വളർച്ചയിലേക്ക് പ്രവേശിക്കാൻ ബിസിനസിനെ സഹായിക്കുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു. കഴിഞ്ഞ 21 വർഷം ഞങ്ങൾക്കൊപ്പമുണ്ടായിരുന്ന എല്ലാ ന്യൂനപക്ഷ നിക്ഷേപകരുടെയും വിശ്വാസത്തിനും നന്ദി അറിയിക്കുന്നു. അവർക്കായി ഒരു വിജയകരമായ എക്സിറ്റ് ഇവന്റ് സൃഷ്ടിച്ചതിൽ അഭിമാനിക്കുന്നു. അദ്ദേഹം പറഞ്ഞു.

ഇടപാടിന്റെ ഭാഗമായി കിംസ്ഹെൽത്ത് ഇന്ത്യയിലെ എല്ലാ ഓഹരികളും വിൽക്കുന്നതായി ട്രൂനോർത്ത് പാർട്ണർ സതീഷ് ചന്ദർ വ്യക്തമാക്കി. ഏറ്റവും ഉയർന്ന നിലവാരമുള്ള ആരോഗ്യ സംരക്ഷണ സംരംഭം കെട്ടിപ്പടുക്കുന്നതിനുള്ള അവരുടെ യാത്രയുടെ ഒരു പ്രധാന ശേഷി വികസന ഘട്ടത്തിൽ ഡോ. എം. ഐ. സഹദുള്ളയും സംഘവും പങ്കാളികളാകുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ഏറ്റവും ഉയർന്ന മൂല്യങ്ങളുടെയും ധാർമ്മികതയുടെയും അടിത്തറയിൽ അധിഷ്ഠിതമായ കിംസ്ഹെൽത്ത്, ക്ലിനിക്കൽ പരിചരണത്തിലും ഉപഭോക്തൃ സേവനത്തിലും മികവ് പുലർത്തി. അദ്ദേഹം അഭിപ്രായപ്പെട്ടു.



ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ രജിസ്ട്രാർ സ്ഥാനത്ത് നിന്നും വിരമിക്കുന്ന പ്രൊഫ. എം. ബി. ഗോപാലകൃഷ്ണന് വൈസ് ചാൻസലർ പ്രൊഫ. എം. വി. നാരായണൻ സർവ്വകലാശാലയുടെ ഉപഹാരം സമർപ്പിക്കുന്നു. പ്രോ വൈസ് ചാൻസലർ പ്രൊഫ. കെ. മുത്തുലക്ഷ്മി, സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. പി. വി. രാമൻകുട്ടി, ഡോ. എം. മണിമോഹനൻ, ഡോ. സി. എം. മനോജ്കുമാർ, ഫിനാൻസ് ഓഫീസറുടെ ചുമതല വഹിക്കുന്ന എസ്. ശ്രീകാന്ത്, സ്റ്റുഡന്റ്സ് സർവീസസ് ഡയറക്ടർ ഡോ. പി. ഉണ്ണികൃഷ്ണൻ, ഡോ. എം. സത്യൻ എന്നിവർ സമീപം.

# സംസ്കൃത സർവകലാശാല രജിസ്ട്രാർക്ക് യാത്രയയപ്പ് നൽകി

**കാലടി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ രജിസ്ട്രാർ സ്ഥാനത്ത് നിന്നും വിരമിക്കുന്ന പ്രൊഫ. എം. ബി. ഗോപാലകൃഷ്ണന് സ!ർവ്വകലാശാല സമൂഹം യാത്രയയപ്പ് നൽകി. കാലടി മുഖ്യക്യാമ്പസിലെ യൂട്ടിലിറ്റി സെന്ററിൽ നടന്ന യാത്രയയപ്പ് സമ്മേളനത്തിൽ പ്രോ വൈസ് ചാൻസലർ പ്രൊഫ. കെ. മുത്തുലക്ഷ്മി അധ്യക്ഷയായിരുന്നു. വൈസ് ചാൻസല!ർ പ്രൊഫ. എം. വി. നാരായണൻ ഉപഹാര സമർപ്പണം നടത്തി, മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. പി. വി. രാമൻകുട്ടി, ഡോ. എം. മണിമോഹനൻ, ഡോ. സി. എം. മനോജ്കുമാർ, ഡോ. കെ. എം. അനിൽ, ഫിനാൻസ് ഓഫീസറുടെ ചുമതല വഹിക്കുന്ന എസ്. ശ്രീകാന്ത്, സ്റ്റുഡന്റ്സ് സർവീസസ് ഡയറക്ടർ ഡോ. പി. ഉണ്ണികൃഷ്ണൻ, ജോയിന്റ് രജിസ്ട്രാർ സുഖേഷ് കെ. ദിവാകർ, കെ. കെ. കൃഷ്ണകുമാർ, ഡോ. എം. സത്യൻ, എസ്. ജെ. ജെയിംസ്, ഒതയോത്ത് സുനിൽ കുമാർ, ഷാഫി എന്നിവർ പ്രസംഗിച്ചു. രജിസ്ട്രാ!ർ പ്രൊഫ. എം. ബി. ഗോപാലകൃഷ്ണൻ മറുപടി പ്രസംഗം നടത്തി.

# കേരള ടൂറിസത്തിന് വീണ്ടും അന്തർദേശീയ അംഗീകാരം

**തിരുവനന്തപുരം:** കേരള ടൂറിസത്തിന് വീണ്ടും അന്തർദേശീയ അംഗീകാരം. 2023ലെ ഉത്തരവാദിത്ത ടൂറിസം ഗ്ലോബൽ അവാർഡ് കേരള ടൂറിസത്തിനു ലഭിച്ചു. ഉത്തവാദിത്ത ടൂറിസം മിഷൻ നടപ്പാക്കിയ പദ്ധതികളാണ് അവാർഡിന് അർഹമാക്കിയത്.

ടൂറിസം മേഖലയിൽ പ്രാദേശിക കരകൗശല ഉത്പന്നങ്ങളും തനത് ഭക്ഷണവും ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾക്കാണ് ഉത്തരവാദിത്ത ടൂറിസം ഗ്ലോബൽ പുരസ്കാരത്തിനു കേരളം തെരഞ്ഞെടുക്കപ്പെട്ടത്. തുടർച്ചയായ രണ്ടാം തവണയാണ് റെസ്പോൺസിബിൾ ടൂറിസം ഗ്ലോബൽ അവാർഡ് കേരളത്തിന് ലഭിക്കുന്നത്. ഉത്തരവാദിത്ത ടൂറിസത്തിലെ കേരളീയ മാതൃകയ്ക്കുള്ള അംഗീകാരമാണു പുരസ്കാരമെന്നു ടൂറിസം വകുപ്പ് മന്ത്രി പി. എ. മുഹമ്മദ് റിയാസ് പറഞ്ഞു. അന്തർദേശീയ തലത്തിൽ കേരളത്തിന്റെ ഖ്യാതി ഉയർത്തുന്നതാണു നേട്ടം. കേരള ടൂറിസം കൂടുതൽ അനുഭവേദ്യ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുമെന്നും മന്ത്രി പറഞ്ഞു.

എത്നിക്ക് ക്യൂസീൻ, എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജ് എന്നിവയിലൂടെ വൈവിധ്യമാർന്ന പദ്ധതികളാണു കേരള ടൂറിസം നടപ്പാക്കിയത്. ഉത്തരവാദിത്ത ടൂറിസം മിഷന് ഈ വർഷം ലഭിക്കുന്ന മൂന്നാമത്തെ അവാർഡാണ് ഈ അന്തർദേശീയ പുരസ്കാരം.

# ഇടുക്കി വികസന പാക്കേജ്: പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു

**ഇടുക്കി:** വികസന പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്ന് ജില്ലാ പ്ലാനിംഗ് ഓഫീസർ അറിയിച്ചു. 202223, 202324 വർഷങ്ങളിലായി 27.2 കോടി രൂപയുടെ 7 പദ്ധതികൾക്ക് ഭരണാനുമതി ഉത്തരവ് നല്കുകയും പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്. സംസ്ഥാന ആസൂത്രണ ബോർഡിൽ നിന്നും അനുമതി ലഭിച്ച 195,8751 കോടി രൂപയുടെ 7 പദ്ധതികൾക്ക് രേഖകളുടെ സൂക്ഷ്മ പരിശോധന നടത്തി ഭരണാനുമതി ഉത്തരവ് നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് . 202425 വർഷത്തെ പദ്ധതിയുടെ ഭാഗമായി 90.95 കോടി രൂപയുടെ 10 പദ്ധതികൾ അംഗീകാരത്തിനായി സംസ്ഥാന ആസൂത്രണ ബോർഡിലേക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഇടുക്കി ജില്ലയുടെ പ്രത്യേക സാമൂഹ്യ സാമ്പത്തിക സുസ്ഥിര വികസനം ലക്ഷ്യമാക്കി 14ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ 202223 വർഷം മുതൽ പ്രതിവർഷം 75 കോടി രൂപ വീതം ബജറ്റിൽ വകയിരുത്തുന്നു .



# കയർ ഭൂവസ്ത്രം നശിക്കുന്നു; ലക്ഷങ്ങളുടെ നഷ്ടം

**പൂച്ചാക്കൽ:** തോട് സംരക്ഷണത്തിൻറെ ഭാഗമായി എത്തിച്ച കയർ ഭൂവസ്ത്രം ഉപയോഗിക്കാതെ നശിക്കുന്നു. അധികൃതരുടെ അനാസ്ഥമൂലം നഷ്ടമാകുന്നത് ലക്ഷങ്ങൾ വിലവരുന്ന ഭൂവസ്ത്രം. ചേന്നം പള്ളിപ്പുറം പഞ്ചായത്തിൽ ഇറക്കിയിരിക്കുന്ന ഭൂവസത്രമാണ് നാശത്തിൻറെ വക്കിലായിരിക്കുന്നത്.

തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി തോടരികും പുഴയോരവും കയർ ഭൂവസ്ത്രമുപയോഗിച്ച് സംരക്ഷിക്കുന്ന പദ്ധതി ഒരു വർഷമായി പഞ്ചായത്തിൽ നടപ്പാക്കിവരികയാണ്.

പഞ്ചായത്തിലെ ഒന്നുമുതൽ പതിനേഴു വരെയുള്ള വാർഡുകളിലായി തോടുകളിൽ വിരിക്കാനായി മാസങ്ങൾക്ക് മുമ്പാണ് ഭൂവസ്ത്രം എത്തിച്ചത്. എന്നാൽ നാളിതുവരെയായി തോടുകൾ വൃത്തിയാക്കുകയോ ഭൂവസ്ത്രം വിരിക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്തിൻറെ വിവിധ പ്രദേശങ്ങളിൽ വാഹനത്തിൽ നിന്ന് ഇറക്കിയ സ്ഥലത്തു തന്നെ കിടക്കുകയാണ്. കാടുപിടിച്ചും വെയിലും മഴയുമേറ്റു ദ്രവിച്ചും ഭൂവസ്ത്രം ഉപയോഗശൂന്യമായ നിലയിലാണ്.

തൊഴിലുറപ്പു ജോലികൾ യഥാസമയം നടത്താതെ ഭൂവസ്ത്രം വിരിക്കാത്തതിൽ ആക്ഷേപമുയരുന്നുണ്ട്. ബന്ധപ്പെട്ട അധികൃതരുടെ അനാസ്ഥയും പ്രവൃത്തി നടത്തിയതിലെ ആസൂത്രണക്കുറവുമാണ് കയർ ഭൂവസ്ത്രം നശിക്കാൻ കാരണമാകുന്നതെന്ന് നാട്ടുകാർ പറയുന്നു.

# ഡിജിറ്റൽ സ്മാർട്ട് ക്ലാസ് റൂമിൻെറയും ഐടി പഠനപദ്ധതിയുടെയും ഉദ്ഘാടനം

**കടുത്തുരുത്തി:** ഞീഴൂർ സെൻറ് ജോസഫ് എൽപി സ്കൂളിൽ എംഎൽഎ ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ ഡിജിറ്റൽ സ്മാർട്ട് ക്ലാസ് റൂമിൻറെയും ഐടി പഠനപദ്ധതിയുടെയും ഉദ്ഘാടനം നടന്നു. മോൻസ് ജോസഫ് എംഎൽഎ ഉദ്ഘാടനം നിർവഹിച്ചു.

പുതിയ ക്ലാസ് മുറി നിർമിക്കുകയും ഐടി അനുബന്ധമായുള്ള എല്ലാ ഇനങ്ങളും സ്ഥാപിക്കുകയും ചെയ്യുന്ന പദ്ധതിയാണ് നടപ്പാക്കിയിട്ടുള്ളത്. ഇതിനായി എംഎൽഎ ഫണ്ടിൽ നിന്ന് 15 ലക്ഷം രൂപയുടെ അനുമതി 2018 19 സാമ്പത്തികവർഷത്തെ വികസനപദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയിരുന്നു. വിവിധ സാങ്കേതിക തടസങ്ങൾ പരിഹരിച്ചാണ് ഇപ്പോൾ പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞത്.

സ്കൂൾ മാനേജർ ഫാ. സജി മേത്താനത്ത് അധ്യക്ഷത വഹിച്ച യോഗത്തിൽ പഞ്ചായത്ത് മെമ്പർമാരായ ബീന ഷിബു, ബോബൻ മഞ്ഞളാമലയിൽ, ഹെഡ്മാസ്റ്റർ സനൽ കെ. തോമസ്, സ്കൂൾ ലീഡർ റിയ റെജി, സ്കൂൾ സെക്രട്ടറി ദിയാ ബോബൻ, സ്റ്റാഫ് സെക്രട്ടറി സുബിഷ് ജോൺ തുടങ്ങിയവർ പ്രസംഗിച്ചു.

# പത്രപ്രവർത്തക, പത്രപ്രവർത്തകേതര പെൻഷൻ; ലൈഫ് സർട്ടിഫിക്കറ്റ് നവം. 30 നകം സമർപ്പിക്കണം

**തൃശൂർ:**പത്രപ്രവർത്തക, പത്രപ്രവർത്തകേതര പെൻഷൻ വാങ്ങുന്നവർ ലൈഫ് സർട്ടിഫിക്കറ്റ് നവംബർ 30 നകം സമർപ്പിക്കണമെന്ന് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ അറിയിച്ചു. ഗസറ്റഡ് ഓഫീസർ നവംബറിലെ തീയതിയിൽ സാക്ഷ്യപ്പെടുത്തിയതായിരിക്കണം ലൈഫ് സർട്ടിഫിക്കറ്റ്. അല്ലെങ്കിൽ നവംബർ തീയതിയിലുള്ള ജീവൻ പ്രമാണിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകണം.

നേരിട്ടോ ദൂതൻ മുഖേനയോ സർട്ടിഫിക്കറ്റ് സമർപ്പിക്കാം. ദൂതൻ മുഖേന നൽകുന്നവർ ഫോട്ടോ പതിച്ച സർക്കാർ അംഗീകൃത തിരിച്ചറിയൽ രേഖയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്കൂടി നൽകണം.തൃശൂരിൽ അയ്യന്തോൾ സിവിൽ സ്റ്റേഷനിലുള്ള ഐപിആർഡിയുടെ മേഖലാ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലാണ് സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടത്. ഫോൺ: 0487 2360848.




ഇന്ത്യൻ നേവിയുടെ യുദ്ധക്കപ്പൽ രൂപകല്പന വിഭാഗത്തിന്റെ അഡിഷണൽ ഡയറക്ടർ ജെനെറലും ഷിപ് ടെക്നോളജി പൂർവ വിദ്യാർത്ഥിയുമായ റിയർ അഡ്മിറൽ ബിമൽ കുമാർ ഐകനോയി സമ്മേളന ഉദ്ഘാടന ചടങ്ങിൽ പ്രസംഗിക്കുന്നു

# എല്ലാ എൻജിനീയറിങ് ശാഖകളും കൂടിചേർന്നുള്ള സമഗ്രമായ സമീപനം കാലത്തിന്റെ അനിവാര്യത: ഡോ. കെ. അജിത് കുമാർ

## ദ്വിദിന അന്താരാഷ്ട്ര നേവൽഓഷ്യൻ എൻജിനീയറിങ് സമ്മേളനത്തിനു കുസാറ്റിൽ തുടക്കമായി

**കൊച്ചി:** എല്ലാ എൻജിനീയറിങ് ശാഖകളും കൂടിചേർന്ന് കൊണ്ടുള്ള സമഗ്രമായ സമീപനം കാലത്തിന്റെ അനിവാര്യതയാണെന്ന് നേവൽ ഫിസിക്കൽ ആൻഡ് ഓഷ്യാനോഗ്രഫിക് ലബോറട്ടറി (എൻ.പി.ഒ.എൽ) ഡയറക്ടർ ഡോ. കെ. അജിത് കുമാർ പറഞ്ഞു. രണ്ടാമത് അന്താരാഷ്ട്ര നേവൽ ആൻഡ് ഓഷ്യൻ എൻജിനീയറിങ് സമ്മേളനത്തിന് (ഐകനോയി 23 ) കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല ഷിപ് ടെക്നോളജി വകുപ്പിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കപ്പലിന്റെ പ്രതീകാത്മക ചുക്കാൻ തിരിച്ചു കൊണ്ട് സമ്മേളനം ഉദ്ഘാടനം ചെയ്ത അദ്ദേഹം സമുദ്രത്തെ നന്നായി അറിയുകയും തിരിച്ചറിയുകയും ചെയ്യുന്നവർ ലോകം ഭരിക്കുമെന്നത് നിത്യപ്രസക്തമാണെന്നും കൂട്ടിച്ചേർത്തു. സമുദ്രസുരക്ഷ, ആളില്ലാ അന്തർവാഹിനികൾ, ഡിജിറ്റൽവൽക്കരണം, വിവര ശേഖരണവും ഫലപ്രദമായ ഉപയോഗവും തുടങ്ങിയ മേഖലകളിലാണ് സമുദ്രാധിഷ്ഠിത വ്യവസായങ്ങൾ ഭാവിയിൽ കൂടുതൽ ഊന്നൽ കൊടുക്കുകയെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഇന്ത്യയിലെ സമുദ്രതീരങ്ങളും ഉൾനാടൻ ജലപാതകളും ഫലപ്രദയായി ഉപയോഗിക്കാൻ പര്യാപ്തമാക്കുന്ന ഭാരത സർക്കാരിന്റെ സാഗർമാല പദ്ധതി ഏറെ ഗുണഫലങ്ങൾ ഉണ്ടാക്കുന്നതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.


നാലാം വ്യവസായിക വിപ്ലവം മാരിടൈം വ്യവസായ മേഖലകളിലും വാൻ മാറ്റങ്ങൾ സൃഷ്ടിക്കുകയാണെന്ന് ഇന്ത്യൻ നേവിയുടെ യുദ്ധക്കപ്പൽ രൂപകല്പന വിഭാഗത്തിന്റെ (വാർഷിപ് ഡിസൈൻ ബ്യൂറോ) അഡിഷണൽ ഡയറക്ടർ ജെനെറലും ഷിപ് ടെക്നോളജി പൂർവ വിദ്യാർത്ഥിയുമായ റിയർ അഡ്മിറൽ ബിമൽ കുമാർ പറഞ്ഞു. ചടങ്ങിൽ മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നു അദ്ദേഹം. വെർച്വൽ റിയാലിറ്റി, ഓഗ്മെന്റഡ് റിയാലിറ്റി തുടങ്ങിയവ കപ്പൽ നിർമ്മാണ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിക്കുമെന്നും കപ്പൽ രൂപകൽപ്പനയും പരീക്ഷണങ്ങളും പരിപൂർണമായി കമ്പ്യൂട്ടർ അധിഷ്ഠിതവുമാവുമെന്നും നിർമ്മിത ബുദ്ധി സമീപഭാവിയിൽ തന്നെ യുദ്ധക്കപ്പലുകളുടെ നിർമ്മാണത്തിൽ വരെ ഉപയോഗപ്പെടുത്തപ്പെടുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സ്മാർട്ട് ഷിപ്പ് കളിലേക്കുള്ള പ്രയാണം തുടരുന്നതിൽ അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. കപ്പൽ നിർമ്മിക്കുന്നതിന് മുന്നേ തന്നെ ത്രീ ഡി വെർച്വൽ മോഡലുകളിലൂടെ നടന്ന് കൊണ്ടുള്ള അനുഭവങ്ങൾ ഇനി സാധ്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സമ്മേളന പ്രബന്ധങ്ങളുടെ സമാഹാരവും അദ്ദേഹം പ്രകാശനം ചെയ്തു.

ഷിപ് ടെക്നോളജി വകുപ്പ് മേധാവി ഡോ.പി.കെ. സതീഷ് ബാബു ചടങ്ങിൽ അദ്ധ്യക്ഷനായ ചടങ്ങിൽ സുമിത്രൻ സമ്പത്ത് (ജനറൽ മാനേജർ, ക്ലാസ് എൻ.കെ.), ഷിപ് ടെക്നോളജി മുൻ വകുപ്പ് മേധാവി ഡോ. കെ. ശിവപ്രസാദ്, അഡ്ജെങ്ക്റ്റ് പ്രൊഫെസ്സർ ഡോ.ഡി.ഡി. എബനേസർ, ഡോ. രാജേഷ്.പി.നായർ, ഡോ.ടി.കെ.ഫവാസ്, ഡോ. കെ.എ ഹസീന എന്നിവർ ഉദ്ഘാടന ചടങ്ങിൽ പ്രസംഗിച്ചു. ആന്റണി പ്രിൻസ് (സ്മാർട്ട് എൻജിനീയറിങ് ആൻഡ് ഡിസൈൻ സൊല്യൂഷൻസ്, കൊച്ചി) മുഖ്യ പ്രഭാഷണം നിർവഹിച്ചു. കുസാറ്റ് സ്കൂൾ ഓഫ് എൻജിനീയറിങ് പ്രിൻസിപ്പാൾ ഡോ. ദീപക് കുമാർ സാഹു, ഡോ. എം. രവി (നിസ്റ്റ്, തിരുവനന്തപുരം), ഡോ. അനന്ത നാരായണൻ എന്നിവർ പങ്കെടുത്തു.

ഷിപ് രൂപകൽപ്പനയും ഉത്പാദനവും, കപ്പൽ നിർമ്മാണ പദാർത്ഥങ്ങളും ലോഹനാശനവും, ജലഗതാഗത സംവിധാനങ്ങൾ, കമ്പ്യൂട്ടർ അധിഷ്ഠിത ഓഷ്യൻ എൻജിനീയറിങ് പ്രശ്ന പരിഹാരങ്ങൾ തുടങ്ങിയ നാല് മേഖലകളിലായി 21 ഗവേഷണ പ്രബന്ധങ്ങൾ സമ്മേളനത്തിൽ അവതരിപ്പിക്കും. ഇന്ത്യൻ രജിസ്റ്റർ ഓഫ് ഷിപ്പിംഗ്, നേവൽ ഫിസിക്കൽ ആൻഡ് ഓഷ്യാനോഗ്രഫിക് ലബോറട്ടറി, കൊച്ചിൻ ഷിപ് യാർഡ് ലിമിറ്റഡ്, നിപ്പോൺ കൈജി കിയോകൈ, ഇന്ത്യൻ നേവി, ഇന്ത്യൻ മാരിടൈം സർവകലാശാല, ഐ.ഐ.ടി. ഖരഗ്പൂർ, ആർക്ക് ടു ടെക് കൺസൽട്ടന്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, ഷിപ് ടെക്നോളജി വകുപ്പ് തുടങ്ങിയ ഇടങ്ങളിലെ ഗവേഷകർ സാങ്കേതിക സെഷനുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കും. പ്രത്യേക ക്ഷണിതാക്കളായി എൻ.ടി. അനിൽദാസ് (കൺസെപ്ഷ്യ ടെക്നോളോജിസ്), സാജൻ പി ജോൺ (കെ. എം.ആർ.എൽ), ഡോ.ജെ. ഷീജ (ഇന്ത്യൻ മാരിടൈം സർവകലാശാല വിശാഖപട്ടണം) എന്നിവരും പ്രബന്ധങ്ങൾ അവതരിപ്പിക്കും. സമ്മേളനം ഇന്ന് (ശനി) വൈകീട്ട് സമാപിക്കും.

# കണ്ണൂർ സ്ക്വാഡ് 100 കോടി ക്ലബ്ബിലേക്ക്

മമ്മൂട്ടി കമ്പനിയുടെ റോബി വർഗീസ് രാജ് സംവിധാനം ചെയ്ത മമ്മൂട്ടി ചിത്രം കണ്ണൂർ സ്ക്വാഡ് 100 കോടി ക്ലബ്ബിൽ ഇടം നേടി. ആഗോള ബിസിനസ്സിലൂടെയാണ് ചിത്രം 100 കോടിയിൽ ഇടംപിടിച്ചത്. സെപ്റ്റംബർ 28നാണ് കണ്ണൂർ സ്ക്വാഡ് തിയറ്ററിൽ എത്തിയത്.ഒൻപത് ദിവസം കൊണ്ട് ചിത്രം അൻപതു കോടി ക്ലബ്ബിൽ എത്തിയിരുന്നു. പ്രേക്ഷകരുടെ ഗംഭീര അഭിപ്രായങ്ങൾ കരസ്ഥമാക്കിയ ചിത്രം തിയേറ്ററിൽ ഇപ്പോഴും വിജയക്കുതിപ്പ് തുടരുകയാണ്. റോബി വർഗീസ് രാജ് സംവിധാനം ചെയ്ത ചിത്രത്തിന്റെ തിരക്കഥ റോണിയും ഷാഫിയും ചേർന്നൊരുക്കുന്നു.സുഷിൻ ശ്യാം ആണ് ചിത്രത്തിന്റെ സംഗീത സംവിധാനം നിർവഹിച്ചിരിക്കുന്നത്.മെഗാ സ്റ്റാർ മമ്മൂട്ടിയോടൊപ്പം കിഷോർ, വിജയരാഘവൻ, അസീസ് നെടുമങ്ങാട്, ഡോക്ടർ റോണി, ശബരീഷ്,അർജുൻ രാധാകൃഷ്ണൻ, ദീപക് പറമ്പോൾ, ധ്രുവൻ തുടങ്ങിയവർ മറ്റു പ്രധാന കഥാപാത്രങ്ങളിലെത്തുന്നു. ചിത്രത്തിന്റെ എക്സിക്യൂട്ടിവ് പ്രൊഡ്യൂസർ: എസ്സ്.ജോർജ്, ഛായാഗ്രഹണം: മുഹമ്മദ് റാഫിൽ, എഡിറ്റിങ്: പ്രവീൺ പ്രഭാകർ, ലൈൻ പ്രൊഡ്യൂസർ: സുനിൽ സിംഗ്, പ്രൊഡക്ഷൻ കൺട്രോളർ : പ്രശാന്ത് നാരായണൻ, ചീഫ് അസോസിയേറ്റ് ഡയറക്ടേഴ്സ്: ജിബിൻ ജോൺ, അരിഷ് അസ്ലം, ചീഫ് അസ്സോസിയേറ്റ് ക്യാമറാമാൻ: റിജോ നെല്ലിവിള, പ്രൊഡക്ഷൻ ഡിസൈനർ : ഷാജി നടുവിൽ, മേക്കപ്പ് : റോണെക്സ് സേവ്യർ, വസ്ത്രാലങ്കാരം : അരുൺ മനോഹർ, അഭിജിത്, സൗണ്ട് ഡിസൈൻ : ടോണി ബാബു എംപിഎസ്ഇ, അസോസിയേറ്റ് ഡയറക്ടേഴ്സ് : വി ടി ആദർശ്, വിഷ്ണു രവികുമാർ, വി എഫ് എക്സ്: ഡിജിറ്റൽ ടർബോ മീഡിയ, വിശ്വാ എഫ് എക്സ്, സ്റ്റിൽസ്: നവീൻ മുരളി, വിതരണം ഓവർസീസ് : ട്രൂത്ത് ഗ്ലോബൽ ഫിലിംസ്, ഡിസൈൻ: ആന്റണി സ്റ്റീഫൻ,ടൈറ്റിൽ ഡിസൈൻ : അസ്തെറ്റിക് കുഞ്ഞമ്മ, പി ആർ ഒ : പ്രതീഷ് ശേഖർ.




## ഉണ്ണി മുകുന്ദൻ ഗൈനക് ഡോക്ടറാവുന്ന ഗെറ്റ് സെറ്റ് ബേബി




ഉണ്ണി മുകുന്ദൻ,നിഖില വിമൽ എന്നിവരെ കേന്ദ്രകഥാപാത്രങ്ങളാക്കി വിനയ് ഗോവിന്ദ് സംവിധാനം ചെയ്യുന്ന പുതിയ ചിത്രമാണ് ഗെറ്റ് സെറ്റ് ബേബി .ഐ വി എഫ് സ്പെഷ്യലിസ്റ്റ് ആയ ഡോക്ടർ നേരിടുന്ന പ്രശ്നങ്ങളും അത് പരിഹരിക്കാൻ അയാൾ കണ്ടെത്തുന്ന വഴികൾ രസകരമായ രീതിയിൽ പ്രതിപാദിക്കുന്ന ചിത്രമാണ് ഗെറ്റ് സെറ്റ് ബേബി.ദേശീയ അവാർഡ് നേടിയ മേപ്പടിയാൻ, ഷഫീക്കിന്റെ സന്തോഷം, മാളികപ്പുറം തുടങ്ങിയ കുടുംബ ചിത്രങ്ങളിലൂടെ കുടുംബ പ്രേക്ഷകമനസ്സുകളിൽ സ്ഥാനം നേടിയ മലയാളികളുടെ പ്രിയപ്പെട്ട താരം ഉണ്ണിമുകുന്ദന്റെ മറ്റൊരു തികച്ചും വ്യത്യസ്തമായ ഒരു കഥാപാത്രത്തെയാണ് ഈ ചിത്രത്തിലൂടെ അവതരിപ്പിക്കുന്നത്. പ്രതീക്ഷകളോടെ ജീവിതത്തെ കാണുന്ന, ശക്തമായ നായികാ കഥാപാത്രത്തെ നിഖില വിമൽ അവതരിപ്പിക്കുന്നു.സ്കന്ദ സിനിമാസ്, കിംഗ്സ് മെൻ എൽ എൽ പി എന്നിവയുടെ ബാനറിൽ സജീവ് സോമൻ, സുനിൽ ജെയിൻ, പ്രക്ഷാലി ജെയിൻ, സാം ജോർജ്ജ് എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിൽ
ആധുനിക ജീവിതത്തിലെ രസങ്ങളും വൈകാരിക നിമിഷങ്ങളും കോർത്തിണക്കി അവതരിപ്പിക്കുന്നു.

വൈ വി രാജേഷ് അനൂപ് രവീന്ദ്രൻ എന്നിവർ ചേർന്ന് കഥ, തിരക്കഥ,സംഭാഷണമെഴുതുന്നു. അലക്സ് ജെ പുളിക്കൽ ഛായാഗ്രഹണം നിർവഹിക്കുന്നു.

എഡിറ്റർമഹേഷ് നാരായണൻ, സംഗീതം സാം സി എസ്, പ്രൊഡക്ഷൻ ഡിസൈനർ സുനിൽ കെ ജോർജ്, വസ്ത്രാലങ്കാരംസമീറാ സനീഷ്,പ്രൊമോഷൻ കൺസൾട്ടന്റ് വിപിൻ കുമാർ.സാമൂഹികപ്രസക്തിയുള്ള ഈ ഫാമിലി എന്റർടെയിനർ ചിത്രത്തിൽ നിരവധി വൈകാരികമുഹൂർത്തങ്ങളെ നർമ്മത്തിൽ ചാലിച്ച് അവതരിപ്പിക്കുന്നു.അടുത്ത വർഷം ആദ്യം ചിത്രീകരണം ആരംഭിക്കും.

പി ആർ ഒഎ എ എസ് ദിനേശ്.




## സ്നിഗ്ദ്ധം റിലീസായി

പി ആർ ഒ എ എസ്സ് ദിനേശിനെ കേന്ദ്ര കഥാപാത്രമാക്കി ഫീൽ ഗുഡ് ഫിലിംസിനുവേണ്ടി രവി കേശവൻ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന സ്നിഗ്ദ്ധം എന്ന ഹ്രസ്വ ചിതം സൈന മൂവീസ്സിലൂടെ റിലീസായി.പ്രിയപ്പെട്ട മകൾ ഇഷ്ടപ്പെട്ട പുരുഷനോടൊപ്പം വീട് വിട്ടിറങ്ങിയപ്പോഴും ശേഷം മകളുടെ തകർന്ന ജീവിതാവസ്ഥയും നേരിടാൻ കഴിയാതെ മനസിന്റെ താളം തെറ്റിയ ഒരച്ഛന്റെ നേർക്കാഴ്ചകളാണ് ഈ ഹ്രസ്വ ചിത്രത്തിൽ ദൃശ്യവൽക്കരിക്കുന്നത്. മാനസിക നിലതെറ്റിയ അച്ഛനായി ദിനേശും മകളായി അഖില അനോക്കിയും വേഷമിടുന്നു.നിഷ അരവിന്ദ്, ശീലശ്രീ, സുധി എബ്രഹാം,

റഊഫ്,സുരേഷ് മിത്ര, ഷാജി എന്നിവരാണ് മറ്റ് അഭിനേതാക്കൾ.ക്യാമറ ജെയിംസ് ക്രിസ്, എഡിറ്റർ അഖിൽ ഏലിയാസ്, കല ദേവരാജ്, മേക്കപ്പ് രാജേഷ് ജയൻ, കോസ്റ്റ്യൂം അഫ്സൽ, സംഗീതം ജെയ്ക്സ്, പശ്ചാത്തല സംഗീതം വിനു തോമസ്, അസോസിയേറ്റ് ഡയറക്ടർ കെ.കെ. മോഹൻദാസ്, അസിസ്റ്റന്റ് ഡയറക്ടർ അരവിന്ദ് രവി, അസോസിയേറ്റ് സിനിമാറ്റോഗ്രാഫി ജോയ് സേവ്യർ, അസോസിയേറ്റ് ആർട്ട് സുരേഷ് മിത്ര, പ്രൊഡക്ഷൻ അനിൽദാസ് കെ. ശിവൻ, അജേഷ് മുഹമ്മ, മനോഷ്, ക്യാമറ സിനി ഫോക്കസ്, കൊച്ചി. യൂണിറ്റ് മദർലാൻഡ് വൺ യൂണിറ്റ്, കൊച്ചി, റെക്കോർഡിംഗ് സ്റ്റുഡിയോസ് നോയ്സ്ഗേറ്റ്, കൊച്ചി & വാക്ക്മാൻ, കൊച്ചി. സി.ജി. & ടൈറ്റിൽസ് സാജൻ ജോണി, സ്റ്റിൽ അമൽ ബാവ കൊട്ടാരക്കര, ഡബ്ബിംഗ്കീൻ ബൈജി ജോർജ്.

## മേരി ക്രിസ്മസ്

ഡയാന ഹമീദ്, കാർത്തിക് രാമകൃഷ്ണൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി മിഥുൻ ജ്യോതി തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന മേരി ക്രിസ്മസ് എന്ന ചിത്രത്തിന്റെ ടീസർ റിലീസായി.ഡിസംബറിൽ പ്രദർശനത്തിനെത്തുന്ന ഈ ചിത്രത്തിൽ ജെയിംസ് ഏലിയാസ്,ജയരാജ് വാര്യർ,രാജ് കലേഷ്,മാല പാർവ്വതി തുടങ്ങിയ പ്രമുഖ താരങ്ങളും അഭിനയിക്കുന്നു.

കോമള ഹരി പിക്ചേഴ്സിന്റെ ബാനറിൽ കോമള ഹരി,എസ് ഹരി ഭാസ്ക്കരൻ എന്നിവർ ചേർന്നു നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെഛായാഗ്രഹണം ബിനു നിർവ്വഹിക്കുന്നു.സംവിധായകൻ മിഥുൻ ജ്യോതി തന്നെയാണ് എഡിറ്റർ.ഗാന രചനഅമൽ നൗഷാദ്, ഡോക്ടർ ദേവീക പി,സംഗീതംസഞ്ജയ് പ്രസന്നൻ,എക്സിക്യൂട്ടീവ് പ്രൊഡ്യൂസർദിനേശ് കുമാർ ടി സി,പ്രൊഡക്ഷൻ കൺട്രോളർഹരി വെഞ്ഞാറമൂട്,പ്രൊഡക്ഷൻ ഡിസൈനർഅരുൺ മോഹൻ,മേക്കപ്പ്ദേവദാസ് ചമ്രവട്ടം, വസ്ത്രാലങ്കാരംസത്യ കെ ശ്രീകാന്ത്,സ്റ്റിൽസ്രാഗൂട്ടി എസ്,അസോസിയേറ്റ് ഡയറക്ടർ അബ്സർ ടൈറ്റസ്,പി ആർ ഒഎ എസ് ദിനേശ്.

# തൊടുപുഴയെ മികച്ച ശുചിത്വ നഗരമാക്കാൻ പദ്ധതി

**തൊടുപുഴ:** സംസ്ഥാനത്തെ മികച്ച ശുചിത്വ നഗരമായി തൊടുപുഴയെ മാറ്റുന്നതിനുള്ള നടപടികളുമായി നഗരസഭ. ശുചിത്വ മേഖലയുമായി ബന്ധപ്പെട്ട് ചേർന്ന കൗൺസിൽ അവലോകന യോഗത്തിൽ നഗരത്തെ പൂർണമായും മാലിന്യമുക്തമാക്കാനുള്ള വിവിധ പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചു.



നഗരപരിധിയിൽ മാലിന്യം വലിച്ചെറിയാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ സിസിടിവി നിരീക്ഷണ കാമറകൾ സ്ഥാപിക്കുകയും നഗരസഭയുടെ വിവിധ ഭാഗങ്ങളിലായി പ്ലാസ്റ്റിക് ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കുന്നതിനും യോഗത്തിൽ തീരുമാനിച്ചു.

ഗാർഹിക ജൈവമാലിന്യ സംസ്കരണ ഉപാധികളായ ജിബിൻ ബൊക്കാഷി ബക്കറ്റ്, റിംഗ് കന്പോസ്റ്റ് എന്നിവ വിതരണം തുടങ്ങി. പാറക്കടവ് ഡംപിംഗ് യാർഡിൽ ബയോ മൈനിംഗ് ടെൻഡർ നടപടികൾ പൂർത്തിയാക്കി മാലിന്യം നീക്കം ചെയ്യുന്ന പ്രവർത്തനം ഉടൻ ആരംഭിക്കും.

മലിനജലം പൊതു സ്ഥലങ്ങളിലേക്കും ജലസ്രോതസിലേക്കും ഒഴുക്കുന്നവർക്കെതിരെയും മാലിന്യം വലിച്ചെറിയുന്നവർക്കെതിരെയും പിഴയും പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികളും സ്വീകരിക്കും. കൂടാതെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യുമെന്നും യോഗത്തിൽ അറിയിച്ചു.

ലോകബാങ്ക് സഹായത്തോടെ സംസ്ഥാന സർക്കാർ നടപ്പാക്കുന്ന കേരള ഖരമാലിന്യ പരിപാലന പദ്ധതി മുഖേന 2.28 കോടിയുടെ അധിക പ്രോജക്ടുകൾ പുതിയതായി തൊടുപുഴ നഗരസഭ ഏറ്റെടുത്തിട്ടുണ്ട്. പൊതുജനങ്ങളുടെ ഇടയിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ടു അവബോധം സൃഷ്ടിക്കുന്നതിനായി വിവര വിജ്ഞാന പരിപാടികൾ സംഘടിപ്പിക്കും. സിവിൽ സ്റ്റേഷൻ, പോലീസ് സ്റ്റേഷൻ, കോലാനി ചേരി കോളനി എന്നിവിടങ്ങളിൽ തുന്പൂർമുഴി കന്പോസ്റ്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുക, കുട്ടികളിൽ ചെറുപ്രായത്തിൽതന്നെ മാലിന്യ സംസ്കരണത്തിന് അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

മാലിന്യം തരം തിരിക്കുന്നതിനും സംസ്കരിക്കുന്നതിനും ആവശ്യമായ ഉപാധികൾ അങ്കണവാടികൾ, എൽപി സ്കൂളുകൾ എന്നിവിടങ്ങളിലേക്ക് നൽകുക, കൃത്യമായി ഖരമാലിന്യ ശേഖരണം ഉറപ്പുവരുത്തുന്നതിനായി ഹരിതകർമസേനയ്ക്ക് പുഷ്കാർട്ട്, ചെറു വാഹനങ്ങൾ എന്നിവ വാങ്ങിക്കുക, എല്ലാ വാർഡുകളിലും മിനി എംസിഎഫുകൾ സ്ഥാപിച്ച് ഹരിതകർമ സേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക, മിനി എംസിഎഫുകളിൽനിന്നു പ്രധാന എംസിഎഫുകളിലേക്ക് അജൈവ മാലിന്യങ്ങൾ കൊണ്ടുപോകുന്നതിനും റോഡ് സ്വീപ്പിംഗ് അടക്കമുള്ള ഖരമാലിന്യം നീക്കം ചെയ്യുന്നതിനായുള്ള വാഹനം വാങ്ങൽ, പടിഞ്ഞാറേ മാർക്കറ്റിലെ നിലവിലുള്ള ബയോ ഗ്യാസ് പ്ലാൻറ് നവീകരിക്കൽ, കാഞ്ഞിരമറ്റം ആർആർഎഫ് സെൻററിൻറെ വിപുലീകരണത്തിനാവശ്യമായ സാധന സാമഗ്രികൾ വാങ്ങൽ,

നഗരസഭ പരിധിയിലുള്ള വിവിധ സ്ഥാപനങ്ങളിൽ ഡയപ്പർ, നാപ്കിൻ ടിസ്ട്രോയർ സ്ഥാപിക്കൽ, ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സംവിധാനം തുടങ്ങിയ പദ്ധതികളുടെ പ്രവർത്തന പുരോഗതി യോഗം വിലയിരുത്തി. യോഗത്തിൽ ചെയർമാൻ സനീഷ് ജോർജ് അധ്യക്ഷത വഹിച്ചു.

## വെള്ളക്കെട്ട്: ചിറയം പുഞ്ചയിലെ കർഷകർ കൃഷി ഉപേക്ഷിച്ചു

**പിറവം:** വെള്ളക്കെട്ടു രൂക്ഷമായതോടെ ചിറയം പുഞ്ചയിലെ കർഷകർ കൃഷി ഉപേക്ഷിച്ചു. ടൗണിനു സമീപം കോട്ടയം പിറവം റോഡരികിലാണു 7 ഏക്കറോളം വിസ്തൃതിയുള്ള ചിറയം പാടശേഖരം. പിറവം പുഞ്ചയിലേക്കു ചിറയം പുഞ്ചയുടെ സമീപത്തു കൂടി കടന്നു പോകുന്ന ലിഫ്റ്റ് ഇറിഗേഷൻ കനാലിൽ നിന്നു പമ്പിങ് സമയത്തു എത്തുന്ന വെള്ളം പാടത്തു തങ്ങിനിൽക്കും. പിറവം പുഞ്ചയിലും നീരൊഴുക്കു തടസ്സപ്പെട്ടതോടെ കടുത്ത വേനലിലും ചിറയം പുഞ്ചയിലും വെള്ളക്കെട്ടു രൂക്ഷമാകും. 2 അടി വരെ ഉയരത്തിൽ വെള്ളം കെട്ടി നിൽക്കുന്നതോടെയാണു കൃഷി നിലച്ചത്.

വെള്ളക്കെട്ടു ഒഴിവാക്കുന്നതിനു പാടശേഖരത്തിൽ നിന്നു പുഴയിലേക്കു തുറക്കുന്ന ചാലുകൾ ശുചീകരിക്കണമെന്നാണ് ആവശ്യം. സുഗമമായി കൃഷി തുടരാനാവില്ലെന്നതായതോടെ കർഷകർക്കു നഷ്ടപരിഹാരം നൽകി പുഞ്ച ഏറ്റെടുക്കണമെന്ന ആവശ്യവും ഉയരുന്നുണ്ട്. നഗരസഭയിൽ സ്റ്റേഡിയം ഉൾപ്പെടെ വികസന പ്രവർത്തനങ്ങൾക്കു ഭാവിയിൽ പ്രയോജനപ്പെടുത്താനാകും. ഇപ്പോൾ കെഎസ്ആർടിസി ഡിപ്പോ പ്രവർത്തിക്കുന്ന 3 ഏക്കറോളം സ്ഥലം ചതുപ്പായിരുന്ന കണ്ണാംകുളം രൂപമാറ്റം വരുത്തിയതാണെന്നു പൊതുപ്രവർത്തകൻ ഏലിയാസ് മങ്കിടി ചൂണ്ടിക്കാട്ടി.

## നൂറാമത്തെ മരുന്നുപെട്ടി സ്ഥാപിച്ച് മെഡിസിൻ ബാങ്ക്



**ആലുവ:** മെഡിസിൻ ബാങ്കിന്റെ നൂറാമത്തെ മരുന്നുപെട്ടി സെന്റ് സേവ്യേഴ്സ് വനിതാ കോളജിൽ ജസ്റ്റിസ് ജെ.ബി. കോശി സ്ഥാപിച്ചു. നടൻ ബാല ആദ്യ മരുന്നു നിക്ഷേപം നടത്തി. വീടുകളിൽ ബാക്കിയാകുന്ന, കാലാവധി കഴിയാത്ത മരുന്നുകൾ ശേഖരിച്ചു പാലിയേറ്റിവ് കെയർ സെന്ററുകൾ വഴി നിർധന രോഗികൾക്ക് എത്തിക്കുന്ന പദ്ധതിയാണ് മെഡിസിൻ ബാങ്ക്. സാമൂഹിക പ്രവർത്തകൻ പി.എ. ഹംസക്കോയ 6 വർഷം മുൻപ് ആരംഭിച്ച പദ്ധതി വഴി ഇതിനകം നാലര കോടി രൂപയുടെ മരുന്നുകൾ വിതരണം ചെയ്തു. 2017ലെ കേരളപ്പിറവി ദിനത്തിൽ റൂറൽ എസ്പി ഓഫിസിനു മുന്നിലാണ് ആദ്യ മരുന്നുപെട്ടി വച്ചത്.




## മലബാർ സ്പിന്നിംഗ് മില്ലിൽ വീണ്ടും പ്രതിസന്ധി

**കോഴിക്കോട്:** താൽകാലികമായി അടച്ചിട്ട കോഴിക്കോട് തിരുവണ്ണൂരിലെ മലബാർ സ്പിന്നിംഗ് മിൽ പ്രവർത്തനം പുനരാരംഭിച്ചപ്പോൾ പുതിയ പ്രതിസന്ധി. കോട്ടൺ നൂൽ ഉത്പാദിപ്പിച്ച യന്ത്രങ്ങളിൽ പോളിസ്റ്റർ നൂൽ നൂൽക്കാനുള്ള തീരുമാനത്തിനെതിരേ ഐഎൻടിയുസിയുടെ നേതൃത്വത്തിൽ തൊഴിലാളികളിൽ ഒരു വിഭാഗം രംഗത്തുവന്നു. ഇപ്പോഴിവിടെ പോളിസ്റ്റർ നൂലാണ് ഉൽപാദിപ്പിക്കുന്നത്.

ഇത് യന്ത്രങ്ങളെ തകരാറിലാക്കുമെന്നും അധിക ബാധ്യതയ്ക്ക് കാരണമാകുമെന്നുമാണ് ഐഎൻടിയുസിയുടെ വിമർശനം. വസ്ത്ര വ്യാപാര കയറ്റുമതിയിൽ ഇന്ത്യക്കുള്ള മേൽക്കൈ നോക്കുമ്പോൾ കോട്ടൺ നൂലിന് വിപണി കിട്ടാത്തത് മാനേജ്മെൻറിൻറെ വീഴ്ചയെന്നാണ് കുറ്റപ്പെടുത്തൽ.

മില്ലിൻറെ നിലനിൽപ്പിന് കോട്ടൺ നൂൽ ഉത്പാദനം മാത്രമാണ് പോംവഴിയെന്നുമാണ് മാനേജ്മെൻറിനോട് യൂണിയനുകൾ മുന്നറിയിപ്പ് നൽകുന്നത്. പതിനഞ്ച് ദിവസത്തോളം അടച്ചിട്ട സ്പിന്നിംഗ് മിൽ തൊഴിലാളി യൂണിയനുകളുടെ എതിർപ്പിന് പിന്നാലെയാണ് തുറന്നത്.

ഒക്ടോബർ പതിനേഴ് മുതൽ പത്ത് ദിവസത്തേക്കായിരുന്നു ആദ്യം ലേ ഓഫ് പ്രഖ്യാപിച്ചത്. പിന്നീടത് 31വരെ നീട്ടി. പതിനാല് ദിവസത്തോളം തൊഴിലില്ലാതെ ഇരുന്നൂറിലധികം ജീവനക്കാർ ബുദ്ധിമുട്ടിലായി.ഒടുവിൽ കഴിഞ്ഞ ദിവസമാണ് പ്രവർത്തനം പുനരാരംഭിച്ചത്.അസംസ്കൃത വസ്തുവായ പരുത്തി വാങ്ങാനാവാത്ത സ്ഥിതിയും ഉത്പാദിപ്പിച്ച നൂലിന് വിപണി കിട്ടാത്തതുമായിരുന്നു ലേ ഓഫിന് കാരണമായി മാനേജ്മെൻറിൻറെ വിശദീകരണം. എന്നാൽ ആ പ്രതിസന്ധി ഇപ്പോഴും നിലനിൽക്കുകയാണ്.

# ഒക്ടോബറിൽ റെക്കോഡ് വാഹന വിൽപ്പന

**കൊച്ചി:** ഒക്ടോബറിൽ രാജ്യത്തെ യാത്രാ വാഹന വിൽപ്പന റെക്കോഡിലെത്തി. ഉത്സവ സീസണിലെ ഉയർന്ന ഡിമാൻഡ് കണക്കിലെടുത്ത് കമ്പനികൾ ഡീലർമാരിലേക്ക് കൂടുതൽ വാഹനങ്ങൾ അയച്ചതാണ് ഈ കുതിപ്പിനു കാരണം. ഒക്ടോബറിലെ മൊത്ത വിൽപ്പന കഴിഞ്ഞ വർഷത്തെ സമാന മാസത്തെ അപേക്ഷിച്ച് 16 ശതമാനം ഉയർന്ന് 3,91,472 യൂണിറ്റായി. ഇതു വരെയുള്ള ഏറ്റവും ഉയർന്ന പ്രതിമാസ വിൽപ്പനയാണിത്. 50.7 ശതമാനം വിപണി വിഹിതമുള്ള സ്പോർട്സ് യൂട്ടിലിറ്റി വാഹനങ്ങളാണ് വിൽപ്പന കണക്കിൽ മുന്നിൽ.



മാരുതി സുസുക്കി, മഹീന്ദ്ര ആൻഡ് മഹീന്ദ്ര എന്നിവയാണ് യാത്രാ വാഹനങ്ങളുടെ പ്രതിമാസ വിൽപ്പനയിൽ ഏറ്റവും ഉയർച്ച രേഖപ്പെടുത്തിയത്. ഒക്ടോബറിൽ മാരുതി സുസുക്കി ഇന്ത്യ വിറ്റഴിച്ചത് 1,77,266 വാഹനങ്ങളാണ്. മുൻ വർഷം സമാന കാലയളവിൽ 147,072 വാഹനങ്ങളാണ് വിറ്റഴിച്ചത്. 21 ശതമാനമാണ് വർധന. മാരുതിയുടെ ആഭ്യന്തര വാഹന വിൽപ്പന 2022 ഒക്ടോബറിലെ 1,40,337ൽ നിന്ന് 1,68,047 എണ്ണമായി ഉയർന്നു. ഇതുവരെ രേഖപ്പെടുത്തിയിട്ടുള്ളതിൽ ഏറ്റവും ഉയർന്ന വിൽപ്പനയാണിത്. 2020 ഒക്ടോബറിൽ നടത്തിയ 1,63,656 വാഹനങ്ങളാണ് ഇതിനു മുമ്പുള്ള ഏറ്റവും ഉയർന്ന വിൽപ്പന.

അതേസമയം, ഓൾട്ടോ, എസ്പ്രസോ തുടങ്ങിയ ചെറുകാറുകളുടെ വിൽപ്പന മുൻ വർഷത്തെ 24,936 യൂണിറ്റിൽ നിന്ന് 14,568 യൂണിറ്റായി കുറഞ്ഞു. ബലേനോ, സെലേറിയോ, ഡിസയർ, ഇഗ്നിസ്, സ്വിഫ്റ്റ്, ടൂർ എസ്, വാഗൺ ആർ എന്നിവയുൾപ്പെടെയുള്ള കോംപാക്റ്റ് കാറുകളുടെ വിൽപ്പന 73,685 എണ്ണത്തിൽ നിന്ന് 80,662 എണ്ണമായി ഉയർന്നു. യൂട്ടിലിറ്റി വാഹനങ്ങളായ ബ്രസ, ഗ്രാൻഡ് വിറ്റാറ, എർട്ടിഗ, എക്സ്എൽ 6 എന്നിവയുടെ വിൽപ്പന മുൻ വർഷത്തെ 30,971 യൂണിറ്റിൽ നിന്ന് 91 ശതമാനം ഉയർന്ന് 59,147 യൂണിറ്റായി.

ഇക്കാലയളവിൽ മഹീന്ദ്ര ആൻഡ് മഹീന്ദ്രയുടെ യൂട്ടിലിറ്റി കാർ വിൽപ്പന 36 ശതമാനം ഉയർന്ന് 43,708 വാഹനങ്ങളായി. ഹ്യുണ്ടായിയുടെ ആഭ്യന്തര കാർ വിൽപ്പന 15 ശതമാനം വർധിച്ച് 55,128 യൂണിറ്റായി. കഴിഞ്ഞ വർഷം ഒക്ടോബറിൽ വിൽപ്പന 48,001 വാഹനങ്ങളായിരുന്നു. രാജ്യത്തെ മൂന്നാമത്തെ ഏറ്റവും വലിയ കാർ നിർമാതാക്കളായ ടാറ്റ മോട്ടോഴ്സിന്റെ ഇലക്ട്രിക് കാർ ഉൾപ്പെടെയുള്ള വാഹനങ്ങളുടെ മൊത്ത വിൽപ്പന കഴിഞ്ഞ മാസത്തിൽ 48,337 എണ്ണമാണ്. മുൻ വർഷത്തെ സമാന മാസത്തെ 45,217 വാഹനങ്ങളുമായി നോക്കുമ്പോൾ ഏഴ് ശതമാനത്തിന്റെ വർധനയുണ്ട്. ടോയോട്ട കിർലോസ്കർ കഴിഞ്ഞ മാസം നടത്തിയത് 21,879 വാഹനങ്ങളുടെ മൊത്ത വിൽപ്പനയാണ്. മുൻ വർഷത്തേക്കാൾ 66 ശതമാനമാണ് വർധന. കിയ ഇന്ത്യയുടെ വിൽപ്പന ഒക്ടോബറിൽ 4.4 ശതമാനം ഉയർന്ന് 24,351 യൂണിറ്റായി.

ഇരുചക്ര വാഹന വിപണിയും തിരിച്ചു വരുന്ന കാഴ്ചയാണ് ഒക്ടോബറിൽ കണ്ടത്. 26.5 ശതമാനം വിൽപ്പനയുമായി ഹീറോ മോട്ടോകോർപ്പാണ് മുന്നിൽ. 5,74,930 വാഹനങ്ങളാണ് ഒക്ടോബറിൽ വിറ്റഴിച്ചത്. 2022 ഒക്ടോബറിൽ ഇത് 4,54,582 യൂണിറ്റായിരുന്നു. ഹീറോയുടെ മുഖ്യ എതിരാളിയായ ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ ഇക്കാലയളവിലെ വിൽപ്പന 4,92,884 വാഹനങ്ങളാണ്. മുൻ വർഷത്തെ അപേക്ഷിച്ച് 10 ശതമാനം വളർച്ചയുണ്ട്. ടിവിഎസ് മോട്ടോർ, ബജാജ് ഓട്ടൊ, റോയൽ എൻഫീൽഡ് എന്നിവയും മികച്ച വിൽപ്പന രേഖപ്പെടുത്തി.



## ട്രിങ്കോമാലിയിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ശാഖ

**ട്രിങ്കോമാലി:** ശ്രീലങ്കയിലെ ട്രിങ്കോമാലിയിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖ ധനമന്ത്രി നിർമ്മല സീതാരാമൻ ഉദ്ഘാടനം ചെയ്തു. രാജ്യത്തും വിദേശത്തും എസ് ബി ഐയുടെ വളർച്ചയെ മന്ത്രി അഭിനന്ദിച്ചു. ഇന്ത്യാ സർക്കാർ ശ്രീലങ്കയക്ക് നൽകിയ ഒരു ബില്യൺ ഡോളറിന്റെ വായ്പ എസ്ബി ഐയിലൂടെയാണ് നൽകിയത്. ഇന്ത്യയിലെ തമിഴ് വംശജർ ശ്രീലങ്കയിൽ എത്തിയതിന്റെ 200ാം വാർഷികം നാം 200ന്റെ കൊളംബോയിൽ നടക്കുന്ന ചടങ്ങിൽ ധനമന്ത്രി പങ്കെടുക്കും.

ഇന്ത്യശ്രീലങ്ക ബിസിനസ് ഉച്ചകോടിയെയും നിർമ്മല സീതാരാമൻ അഭിസംബോധന ചെയ്യും. കണക്റ്റിവിറ്റി വർദ്ധിപ്പിക്കുക: സമൃദ്ധിക്ക് പങ്കാളിത്തം എന്ന വിഷയമാണ് ഉച്ചകോടിയുടെ സന്ദേശം. മുന്ന് ദിവസത്തെ ശ്രീലങ്കൻ സന്ദർശനത്തിനായി ഇന്നലെയാണ് നിർമ്മല സീതാരാമൻ കൊളംബോയിലെത്തിയത്.

## മത്സ്യമേഖലയുടെ സുസ്ഥിര വികസനം ലക്ഷ്യമാക്കി സെമിനാർ

കേരളീയം പരിപാടിയോടനുബന്ധിച്ച് കേരളത്തിലെ മത്സ്യ മേഖല എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. മത്സ്യ ഉൽപാദനം, വിതരണം, മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരമുയർത്തൽ എന്നിവയിൽ സംസ്ഥാന സർക്കാർ ഊർജിതമായ ഇടപെടലാണ് നടത്തുന്നതെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു.തീര സദസ്സുകൾ വഴി ലഭിച്ച പരാതികളിൽ 50% പരാതികളും പരിഹരിച്ചു. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ പഠന സഹായം, പുനർ ഗേഹം പദ്ധതിയിലൂടെ പുതിയ ഫ്ളാറ്റുകൾ, വിദേശ വിദ്യാഭ്യാസ സഹായം, കരിയർ ഗൈഡൻസ് എന്നിങ്ങനെ വിവിധ പദ്ധതികൾ നടപ്പിലാക്കി വരികയാണെന്നും മന്ത്രി പറഞ്ഞു.

